HYDEL BULLET

Issue -3, Vol-10, March 2022

A Monthly Publication of the Kerala State Electricity Board Engineers' Association

SOLAR BLUES

KSEB is going full steam regarding rooftop solar projects and is getting a fantastic response from the consumers. The total registration has crossed 200 MW and is rising. The solar boom cannot be avoided from a global and national perspective, eventhough it will seriously affect the revenue potential of the utilities. KSEB has now withdrawn from investing its own fund in these projects and is only facilitating the central subsidy schemes promoting the rooftop solar. However this booming sector is bringing its own technical problems to the fore with the widespread implementation.

The sector being a comparatively new sector is languishing with lack of technical clarities and sometimes ambiguities in regulations or implementation requirements. Standards are evolving and an international standard for interconnection like IEEE 1547 is getting constantly revised from 2005 onwards incorporating the various requirements. The standard espouses the requirements at the point of coupling to the grid. The standard specifies the conformance test procedures - how to conduct the commissioning tests and which all tests are to be conducted before connecting a plant to the grid. Eventhough the standards are supposedly for connecting bulk systems, it can be taken as an indication to the problems associated with the grid connectivity of Distributed Energy Resources (DER).

Cont...page 4

സ്ത്യുത്യർഹമായ സേവനത്തിനുശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും പടിയിറങ്ങിയ, എൻജിനീയേഴ്സ് അസോസിയേഷന്റെ സജീവ അംഗങ്ങൾക്ക് ആശംസകൾ

Er. SUNNY JOHN
Chief Engineer

Er. RANJIT KUMAR V.
Deputy Chief Engineer

Er. SUPRIYA JASMINE G.
Deputy Chief Engineer

2022 ഫെബ്രുവരി 27 ന് സംഘടിപ്പിച്ച തിരുവനന്തപുരം യൂണിറ്റിന്റെ കുടുംബസംഗമം

KSEB Engineers' Association
Office Bearers 2021 - 22

ASSOCIATION

President
Er. Sunil K.

Vice-Presidents
Er. G. Shaj Kumar (S)
Er. Nagaraj Bhat K.(N)

General Secretary
Er. Geetha V.S.

Treasurer
Er. Santhosh E.

Organising Secretaries
Er. Kunjunni P.S. (S)
Er. Shine Sebastian (N)

Secretaries
Er. M. Muhammad Rafi (HQ)
Er. Nishanth B. (S)
Er. Pramod Kumar M. (N)

BENEVOLENT FUND

Chairman
Er. Kenny Philip

Vice Chairman
Er. Subha T.G.

Secretary
Er. Haridas Vijayan

Treasurer
Er. Pradeep. S.V.

Joint Secretaries
Er. Anu. P. Mohanan (South)
Er. Vishnu. B.S (North)

EDITORIAL BOARD

Chief Editor
Er. P. Muraly

Associate Editors
Er. Sreekumar P.K.
Er. Induchoodan D.R.
Er. Anoop Vijayan
Er. Sreelakshmi L.

Ex. Officio Members
Er. Sunil K.
Er. Santhosh E.

HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Vol - 10 Issue -3 March 2022

Contents

- Editorial
- കൂട്ടണം : ജനറേഷൻ, കുറയ്ക്കണം : പവർ പർച്ചേസ്, *ഒഴിവാക്കണം : വരുമാന നഷ്ടം - രണ്ടാം ഭാഗം (തീജ്വാല)* — *Er. എൻ.ടി.ജോബ്*
- The Truth About Employee Cost in KSEBL *(Cont...)* — *Er. C.P. George*
- കെട്ടിയ മണിയുമായി ഊരുചുറ്റുക — *ഗുരുജി*
- ഒരു ബോട്ടുയാത്ര (കവിത) — *Er. പി. രാഘവൻ*
- ബീക്കൺലൈറ്റ് *(അനുഭവകുറിപ്പ്)* — *Er. ജെയിംസ് എം. ഡേവിഡ്*
- Alphabet Quiz — *Shreya S.*
- അന്താരാഷ്ട്ര വനിതാ ദിനം (റിപ്പോർട്ട്)
- വീരാംഗന *(കവിത)* — *Er. മഹേഷ് റ്റി.*
- വൈദ്യുതി താരിഫിലെ ഫിക്സഡ് ചാർജിന്റെയും മീറ്റർ വാടകയുടെയും പ്രസക്തി : ഒരു വിശകലനം — *Er. സി.പി.ജോർജ്*
- Work - Life Balance — *Er. Chandran Pillai*
- The NTPC at Kayamkulam — *Er. Gopalakrishnan R.*
- നാടുനന്നാകാൻ - 3 കുറ്റകൃത്യങ്ങളുടെ നാൾവഴികൾ — *Er. ഇ.എം. നസീർ*
- പ്രാർത്ഥന *(സുഭാഷിതം)* — *Er. കെ.ശശിധരൻ*
- ആർക്കുവേണ്ടി *(കവിത)* — *Er. കെ.എം. രാമൻ നമ്പൂതിരി*
- Aswatthama - the Elephant — *Er. Thomas Kolanjikombil*
- ലെക്റ്റർ *(കഥ)* — *Er. അനീഷ് ഫ്രാൻസിസ്*

The problems of rooftop solar installations are beginning to surface at various parts of our State now. Many a solar installations are tripping on high voltage throughout the day and are not able to generate as per installed capacity. The consumer has not yet identified the problem as due to the system and is blaming the inverter manufacturer or installation contractor for the ordeal. It is not known whether the voltage ride through facilities as per standards is incorporated in the inverter design.

Most of the inverters are setting the power factor as unity for getting maximum output from the plant for the consumers. This is very detrimental to the utility wherein, utility has to cater the whole reactive power needs of the consumer while they are generating. Unless addressed in time this is going to create havoc in the distribution grid with extreme voltage fluctuations also. In addition to this, utility in future may need to plan installation of capacitors in LV network for addressing the issue. Management of reactive power requirement in Distribution grid will be complicated with constant switching in and out of DERs .

The short circuit capacity of the Distribution grid is going to be uprated with so many DERs coming in the grid directly. This may require careful modeling and study by protection engineers, careful planning of the capacity that can be added in LV or HV, Capacity of the transformers in the system etc. Since KSEB is going for a mass injection of solar, we may need to evolve certain guidelines for connecting the solar plants, making the feasibility studies, selecting the plant and equipment, selecting inverter settings etc. It is suggested that the REES shall study the impact and shall come out with a document regarding guidelines to be followed in field for design, selection, commissioning, interconnection, settings etc.

Very high penetration of renewables and other DERs , due to the intermittency and uncertainty of renewable generation is liable to cause fluctuations in the grid. For addressing the problem a proper forecasting setup need to be there. KSEB had earlier setup a system for bringing the data to the Renewable control room in the Ninth floor. It is presently known that this system is currently having limited scope to integrate new DERs which are coming up. It is also learnt that the system is not displaying the required data/parameters as envisaged in the contract. Either this system shall be revived or a new comprehensive system for data amalgamation shall be setup with DREMS (Distributed Renewable Eneregy Management Software)

KSEB has floated a tender for initiating the Battery storage system and the response seems to be good. It is also learnt that a preliminary study regarding pumped storage systems is also with the management. These systems are a must

KSEB Engineers' Association
Selection List of Education Endowment Award for 2018-19, 2019-20 & 2020 - 21

Sl. No.	Name of the Student	Unit	Name of the Parent	Year	MARKS/ SCORE/ GRADE
Er. U Chandu Nair Memorial Award (For the most eligible Student of Engineering 1st year from among the wards of employees of KSEB based on the marks obtained in HSC/Plus2)					
1	Evan Joshy Chittilappilly	Thrissur	Joshy P Chittilappilly	2020-21	
2	K. Harsha	Thrissur	K. G. Potty	2020-21	
3	Shan Shaji	Idukki	SHAJI K MATHEWS	19-20	
Er. I Janardhanan Memorial Award (For teh wards of Association members who score the highest marks in plus 2)					
4	Adithya Sankar	Muvattupuzha	Jayasankar K R	18-19	1194
5	Ishaani R Kamath	Trivandrum	RANJIT KUMAR V	20-21	1196
6	Anjaly Zacharias	Idukki	P. C Zacharias AEE	19-20	1184
Er. A R Sreedhara Panicker Award (For the wards of Association members who score the highest marks in SSLC examination)					
7	Salma A Vahid	Alappuzha	Abdul Vahid K J	19-20	A1
8	Ishaani R Kamath	Trivandrum	RANJIT KUMAR V	18-19	A+
9	Harshitha K S	Palakkad	Shanavas K V	20-21	A+
10	Navami Jyothsna	Muvattupuzha	JOTHY KUMAR S	20-20	A+
11	Aravind S	Trivandrum	SANTHOSH E	18-19	A1
12	Manu Mathew	Kottayam	Mathewkutty George	18-19	A+
13	Aardra S V	Kannur	Valsakumar M s	20-21	A1
14	Swaliha Muhammad	Kozhikode	Muhammad K K	20-21	A+
15	Akhil J Francis	Thrissur	Jeeji Francis K P	20-21	A+
16	Anjana J Francis	Thrissur	Jeeji Francis K P	20-21	A+
17	Abhijith D Arathil	Thrissur	Er. K.Dinesh	20-21	A1

going forward. But we also suggest that proper modeling and injection study for BESS shall be initiated before selection of injection point. Till now such studies are not initiated and as suggested earlier by us a design and engineering wing shall be constituted for Distribution and Transmission studies for the same.

KSEB has gone for a consultancy study for studying the impact of renewable in the field. The scope of the study with consultancy shall be widened after stakeholder consultations from the field. Many more installation issues are doing rounds and grapevine is that a system collapse will only force all to address the issues. We urge the management to proactively come up with a roadmap to release comprehensive guidelines for Connection of Solar to the Grid after properly studying the impact. Let Solar Blues be turned into brightness for all. ✵

Er. എൻ.ടി. ജോബ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

കുറയ്ക്കണം : പവർ പർച്ചേസ്
കൂട്ടണം : ജനറേഷൻ
ഒഴിവാക്കണം : വരുമാന നഷ്ടം

(രണ്ടാം ഭാഗം)

കഴിഞ്ഞ പത്തുവർഷത്തിനിടയിൽ സംസ്ഥാനത്തെ പീക്ക് ഡിമാന്റിൽ വന്ന വ്യത്യാസം ആയിരം മെഗാവാട്ടിന്റേതാണ്. രണ്ടായിരത്തി പതിനൊന്നിൽ മൂവ്വായിരത്തി മുന്നൂറു മെഗാവാട്ടുണ്ടായിരുന്ന പീക്ക് ഇപ്പോൾ എത്തിനിൽക്കുന്നത് നാലായിരത്തി മുന്നൂറു മെഗാവാട്ടിലാണ്. അതേ വ്യത്യാസം പകൽ ഡിമാന്റിലും ഉണ്ടായിട്ടുണ്ട്. രണ്ടായിരത്തിനാന്നൂറു മെഗാവാട്ടുണ്ടായിരുന്ന പകൽ പീക്ക് ഡിമാന്റ് ഇപ്പോൾ മൂവ്വായിരത്തി മുന്നൂറു മെഗാവാട്ടുണ്ടായി വരെ എത്തിയിരിക്കുന്നു. പകലും പീക്ക് സമയത്തും ഉള്ള വ്യത്യാസവും ആയിരം മെഗാവാട്ടാണ്. ഈ വ്യത്യാസം നമ്മളെ കുഴയ്ക്കുന്ന വിഷയം . പകൽ നേരത്തേക്കുള്ള വൈദ്യുതി കച്ചവടമാക്കിയാൽ വൈകുന്നേരങ്ങളിൽ തികയാതെവരും, പീക് കണക്കാക്കിയാൽ പകൽ നേരങ്ങളിൽ അധികമാവും. പത്തുവർഷത്തെ പീക്ക് ഡിമാന്റിലുണ്ടായ വ്യത്യാസം നോക്കിയാൽ മുപ്പതുശതമാനത്തിന്റെ വർദ്ധനവുകാണാം. അതായത് ഒരു വർഷം മൂന്നുശതമാനം വർദ്ധനവ് എന്നാൽ നമ്മൾ കണക്കാക്കിയിട്ടുള്ളത് പ്രതിവർഷം പത്തുശതമാനം വർദ്ധനവും. അതിനനുസരിച്ച് പവർ വാങ്ങുന്നതിനുള്ള കരാറുകളിലേർപ്പെട്ടു. പത്തുവർഷം മുൻപ് പതിനായിരം മില്യൻ യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തിനു പുറമെ നിന്നും ഇറക്കുമതി ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ അത് ഇരുപതിനായിരം മില്യൻ യൂണിറ്റിലെത്തിയിരിക്കുന്നു. വർദ്ധനവ് നൂറുശതമാനം. അതിനനുസരി ച്ചുള്ള വളർച്ച വൈദ്യുതി മേഖലയിൽ സംഭവിക്കാത്തതുകൊണ്ട് നമ്മുടെ കൈവശമുള്ള വൈദ്യുതിയുടെ അളവ് ആവശ്യത്തിൽ കൂടുതലാവുന്നു. അധികമാവുന്ന വൈദ്യുതി എന്തുചെയ്യണമെന്നറിയാതെ എല്ലാവരും കുഴങ്ങുന്നു.

വർഷം	പീക്ക്ഡിമാന്റ് (MW)	ഇറക്കുമതി (MU)
2011-12	3348 MW	9930
2012-13	3268	12,756
2013-14	3558	10946
2014-15	3602	13179
2015-16	3860	15574
2016-17	4004	19216
2017-18	3884	18507
2018-19	4242	16952
2019-20	4316	20065
2020-21	4284	17567

ഇറക്കുമതി ചെയ്യുന്ന വൈദ്യുതി കേന്ദ്ര വിഹിതമായും പവർ പർച്ചേസ് കരാറുകൾ വഴിയും ലഭിക്കുന്നു. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിക്കു വിലനിലവാരം പവർ പർച്ചേസിനേക്കാൾ കുറവാണെന്നതുകൊണ്ട് തമ്മിൽ ഭേദമാണ്. ഓരോ വർഷവും നമുക്ക് അധികം വരുന്ന വൈദ്യുതി ഗ്രിഡിലേക്ക് സറണ്ടർ ചെയ്യുന്നതിന്റെ കണക്കുകളനുസരിച്ച് ശരാശരി ആയിരത്തി എണ്ണൂറുമില്യൻ യൂണിറ്റ് വരുന്നുണ്ട്. കമ്മീഷനു മുമ്പിൽ അവതരിപ്പിക്കുന്ന കണക്കുകളിൽ ഇത് അഞ്ചുരൂപയ്ക്ക് വിൽക്കുമെന്ന് വീമ്പിളക്കാറു ണ്ടെങ്കിലും നമുക്കു വിൽക്കുവാൻ സാധിക്കുന്നത് മൂന്നേകാൽ രൂപയ്ക്കു മാത്രമാണ്, ചില സമയങ്ങളിൽ കുറച്ചു വില കൂടുതൽ കിട്ടിയെന്നു വരാം. അതുകൊണ്ട് ഇനിയെങ്കിലും ഊതിപെരുപ്പിച്ച കണക്കു വെച്ച് പവർ വാങ്ങിക്കൂട്ടുവാൻ നടക്കരുത്. യഥാർത്ഥ കണക്കെടുത്ത് മാത്രമെ കച്ചവടത്തിനു ഇറങ്ങാവൂ. ഇങ്ങിനെ വാങ്ങുവാൻ വേണ്ടി വെച്ചിട്ടുള്ള കരാറുകളെല്ലാം തന്നെ ഇരുപത്തഞ്ചു മുതൽ നാല്പതു വർഷം വരെയുള്ള തായതുകൊണ്ട് അടുത്ത കാലത്തൊന്നും ഈ ബാധ്യത തീരുവാൻ പോകുന്നില്ലെന്നതാണ് സത്യം. ഇപ്പോൾ പ്രതിവർഷം എണ്ണായിരത്തി എണ്ണൂറുകോടി രൂപ വൈദ്യുതി വാങ്ങുന്നതിനുവേണ്ടി ചെലവിടുന്നുണ്ട്. ഈ കരാറുകളുടെ കാലാവധി ഇരുപത്തഞ്ചു വർഷത്തേക്കു കണക്കാക്കിയാൽ ഉണ്ടാവുന്ന ബാധ്യത രണ്ടുലക്ഷം കോടി രൂപയുടേതാണ്. ഇതിൽ പത്തുശതമാനം വൈദ്യുതി അധികമാണെന്ന് കണക്കാക്കിയാൽ അമ്പതിനായിരം കോടി രൂപയാണ് ഉപയോഗിക്കാത്ത വൈദ്യുതിക്കായി ചെലവിടേണ്ടി വരിക. ദീർഘകാല കരാറുകൾ വഴി വൈദ്യുതി വാങ്ങുവാൻ തുടങ്ങിയത് രണ്ടായിരത്തി പതിനഞ്ചു മുതലാണ്. മുന്നൂറു മില്യൻ യൂണിറ്റ് വൈദ്യുതിയിൽ തുടങ്ങി ഇപ്പോൾ അത് എത്തിനിൽക്കുന്നത് എണ്ണായിരം മില്യൻ യൂണിറ്റിലാണ്. അതിനു മുമ്പു ഗ്രിഡ് ഫ്രീക്വൻസിക്കനുസരിച്ചുള്ള കച്ചവടം വഴിയും പവർ എക്സേഞ്ചുകൾ വഴിയുമായിരുന്നു വാങ്ങിയിരുന്നത്. അതുതന്നെ വർഷം ആയിരത്തി അഞ്ഞൂറു മില്യൻ യൂണി റ്റിൽ കൂടുതൽ ആയിട്ടുണ്ടായിരുന്നില്ല. താഴെ കൊടുക്കുന്ന പട്ടികയിൽ നിന്നും അതു മനസ്സിലാക്കാം.

വർഷം	UI (No)	പവർ എക്സേഞ്ച്	ഹ്രസ്വ കാല കരാർ	ഇടത്തരം കരാർ	ദീർഘ കാല കരാർ
2009-10	371	372	-	-	-
2010-11	798	363	-	-	-
2011-12	529	776	-	-	-
2012-13	958	1315	-	-	-
2013-14	512	-	-	-	-
2014-15	722	644	-	-	-
2011-12	529	776	-	-	-
2012-13	958	1315	-	-	-
2013-14	512	-	-	-	-
2014-15	722	644	-	-	-
2015-16	693	715	1191	1586	308
2016-17	742	601	125	4724	2466
2017-18	569	641	147	487	6262
2018-19	252	476	-	-	7652
2019-20	518	945	-	-	8137
2020-21	139	350	162	-	8104

കുറച്ചുനാൾ മുമ്പുവരെ കൂടുതൽ വൈദ്യുതിവാങ്ങുന്നതിനായിരുന്നു താല്പര്യം; അതും ദീർഘകാല കരാറുകൾ വഴി. അങ്ങിനെയുള്ള ഒരു ഘട്ടത്തിൽ വാങ്ങിയ മെഗാവാട്ട് വൈദ്യുതിയിൽ മെഗാവാട്ടിന് റഗുലേറ്ററി കമ്മീഷന്റെ അധികാരം ലഭിച്ചുവെങ്കിലും ബാക്കിയുള്ള മുന്നൂറ്റി മെഗാവാട്ടിന് ഇതു

വരെയും കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടില്ല. സാധാരണ സെക്ഷൻ ആഫീസിലെ എഞ്ചിനീയർമാർക്ക് ലയബിലിറ്റിയിടുന്ന മാനേജ്മെന്റ് ഇക്കാര്യത്തിൽ ക-മ- എന്നൊരു അക്ഷരം മിണ്ടിയിട്ടില്ല. ബോർഡിന് ഏതെ ങ്കിലും തരത്തിൽ നഷ്ടമുണ്ടാക്കിയാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്ന രീതി ഇവിടെയും പിന്തുടർന്നിരുന്നുവെങ്കിൽ ഈ നഷ്ടത്തിന് ചില മഹത് വ്യക്തികൾ ഉത്തരമെങ്കിലും പറയേണ്ടി വന്നേനെ. പെരിയാറിൽ നിന്നും അറബിക്കടലിലേക്കു വെള്ളമൊഴുകി പോകുന്നതുപോലെ ബോർഡിന്റെ ഖജനാവ് കാലിയാക്കുവാൻ ഇത്തരം പവർ പർച്ചേസുകൾക്ക് സാധിച്ചുവെന്നത് മാത്രം മിച്ചം. കമ്മീഷൻ നൽകിയ ഒരു തീരുമാനത്തിന്റെ ബലത്തിലാണ് ഇപ്പോഴും ഈ അംഗീകരിക്കാത്ത കരാറുകളിൽ നിന്നും വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കുന്നത്. വൈദ്യുതി വാങ്ങുന്നുണ്ടെങ്കിൽ, അത് ബാൽക്കോ കമ്പനിയുമായി ഏർപ്പെട്ടിരിക്കുന്ന കരാറിലെ നിരക്കിനെക്കാൾ കൂടുവാൻ പാടില്ല എന്ന നിബന്ധനക്കു വിധേയമായാണ് വാങ്ങലുകൾ നടക്കുന്നത്. ബാൽക്കോയിൽ നിന്നും വാങ്ങുന്നത് മൂന്നുരൂപ ഫിക്സഡ് ചാർജും ഒരു രൂപ വേരിയബിൾ ചാർജായും ആണ്. കമ്മീഷന്റെ നിബന്ധന കാരണം ആ ഒരു സീലിംഗ് നിരക്ക് നിലവിൽ ഉണ്ടായി. വൈദ്യുതി പരമാവധി ഇറക്കുമതി ചെയ്താൽ മതിയെന്ന ചിന്താഗതിയുമായി മുന്നോട്ടു പോയിരുന്ന മാനേജ്മെന്റും അതിന്റെ ചരടുവലി നേതാക്കന്മാരും ബോർഡിന്റെ നിയന്ത്രണത്തിൽ നിന്നും പുറത്തായപ്പോൾ ചില നല്ല കാര്യങ്ങൾ ബോർഡിൽ നടപ്പിലാക്കുവാൻ തുടങ്ങിയിരിക്കുന്നു.

ഒഴിവാക്കുവാൻ സാധിക്കുന്ന വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ ബോർഡ് എടുത്തു തുടങ്ങിയിരിക്കുന്നു. അത്തരത്തിലൊരു ചുവടുമാറ്റം ബോർഡിനു സാമ്പത്തികമായി കരകയറുന്നതിനു സഹായിക്കും. കമ്മീഷൻ അംഗീകരിക്കാത്ത മുന്നൂറ്റി അമ്പതു മെഗാവാട്ട് വൈദ്യുതിക്കുള്ള കരാർ ആദ്യഘട്ടത്തിൽ ഒഴിവാക്കുവാൻ ശ്രമിക്കും. വൈദ്യുതി വാങ്ങൽ കരാറുകൾ കമ്മീഷന്റെ അംഗീകാരം ലഭിക്കുന്നതോടുകൂടി മാത്രമെ അന്തിമമാവുകയുള്ളു എന്നുള്ളതു കൊണ്ട് കമ്മീഷൻ അംഗീകാരം നൽകാത്തതും ഒരുപിടിവള്ളിയാണ്. അതിനുപകരം ഇടത്തരം കരാറുകളോ ഹ്രസ്വകാല കരാറോ ഉണ്ടാക്കിയാൽ പ്രശ്നം പരിഹരിക്കുവാനും സാധിക്കും. സംസ്ഥാനത്തിനകത്ത് ഇതിനകം മുന്നൂറ്റി എഴുപത് മെഗാവാട്ട് വൈദ്യുതി സോളാറിൽ നിന്നും ഗ്രിഡിലേക്കു എത്തി തുടങ്ങിയിട്ടുള്ളതു കൊണ്ടും ഇനിയും അത് വർദ്ധിച്ചു കൊണ്ടേയിരിക്കുമെന്നുള്ളതു കൊണ്ട് പകൽ നേരങ്ങളിലെ, ബോർഡിന്റെ കൈവശമിരിക്കുന്ന വൈദ്യുതിയുടെ ആവശ്യം കുറഞ്ഞു കൊണ്ടേയിരിക്കും. ഇതുകൂടുതൽ കൂടുതൽ വൈദ്യുതി സറണ്ടർ ചെയ്യുന്നതിനു നിർബന്ധിതരാക്കും, റഗുലേറ്ററി കമ്മീഷന്റെ മുന്നിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയനുസരിച്ച് അടുത്ത മൂന്നു വർഷം കൊണ്ട് മൂവ്വായിരം മില്യൻ യൂണിറ്റ് വൈദ്യുതി അധികമാവുകയും അത്രയും വൈദ്യുതി സറണ്ടർ ചെയ്യുകയോ ഏതെ ങ്കിലും യൂട്ടിലിറ്റിയ്ക്ക് വിറ്റൊഴിവാക്കുകയോ ചെയ്യണം.

കേന്ദ്രവിഹിതമായി ലഭിക്കുന്ന ആയിരത്തി അറുന്നൂറും പവർ പർച്ചേസ് വഴി വരുന്ന ആയിരത്തി ഇരുന്നൂറും ചേരുമ്പോൾ തന്നെ രണ്ടായിരത്തി എണ്ണൂറുമെഗാവാട്ട് ലഭ്യമാവും. ഗ്രിഡിൽ വന്നിട്ടുള്ള സോളാറും കൂടി ചേരുമ്പോൾ തന്നെ പകൽ നേരങ്ങളിൽ ആവശ്യമുള്ള മെഗാവാട്ടായി. ഇതോടുകൂടി അത്യാ

വശ്യം ഓടിക്കേണ്ട ജലവൈദ്യുത പദ്ധതികളും ചേരുമ്പോൾ പകൽ നേരത്തെ വൈദ്യുതി പാകത്തിനാവും. ഇങ്ങിനെ ജലവൈദ്യുതി പദ്ധതികൾ ഓടിക്കാതിരുന്നാൽ ഡാമുകളിൽ സംഭരിച്ചിരുന്ന വെള്ളം അധികമാവുകയും മഴക്കാലത്ത് തുറന്നു വിടുകയും ചെയ്യേണ്ടി വരും. ഇപ്പോഴുള്ള പവർ പർച്ചേസുകൾ കുറച്ചെങ്കിലും കുറച്ചാൽ മാത്രമെ പ്രകൃതി കനിഞ്ഞ് നൽകുന്ന വെള്ളം ഉപയോഗി ക്കാനാവൂ.

സംസ്ഥാനം	പീക്ക് ഡിമാന്റ്	ജനസംഖ്യ (കോടി)
പഞ്ചാബ്	6327	3.05
ഡൽഹി	4447	2.10
ഉത്തർപ്രദേശ്	16777	23
ഒറീസ	4018	4.6
ഗുജറാത്ത്	16189	7
പശ്ചിമബംഗാൾ	6484	9.8
കർണാടക	13169	6.7
ആന്ധ്രാപ്രദേശ്	9607	5.3
തെലുങ്കാന	13031	3.79
തമിഴ്നാട്	14979	7.6
കേരളം	4346	3.7

മുകളിലെ പട്ടിക ശ്രദ്ധിച്ചാൽ ഒന്നു മനസ്സി ലാകും; ഒരുകോടി ജനസംഖ്യക്ക് രണ്ടായിരം മെഗാവാട്ടാണ് ശരാശരി കാണുന്നത്. പീക്ക് സമയങ്ങളിലെ ആവശ്യമായി ഇതിൽ കുറവ് കാണുന്നിടത്ത് വ്യാവസായിക വളർച്ച കുറവാ യതു കൊണ്ടാണ്. ഇന്ത്യയിൽ ശരാശരി വ്യാവസായിക ആവശ്യം നാല്പത്തി രണ്ടു ശതമാനം ആണെങ്കിൽ കേരളത്തിൽ വ്യാവസായിക ആവശ്യം മുപ്പതു ശതമാന ത്തിൽ താഴെയാണ്, അതുകൊണ്ടാണ് നമുക്ക് രൂക്ഷമായ പ്രതിസന്ധി നേരിടേണ്ടി വരാ ത്തത്. അതുപോലെ തന്നെ ഇന്ത്യയിലെ ആളോഹരി ഉപയോഗം പ്രതിവർഷം ആയിരം യൂണിറ്റാണെങ്കിൽ കേരളത്തിലത്, അറുന്നൂറു യൂണിറ്റ് മാത്രമാണ്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. സംസ്ഥാനത്ത് വൈദ്യുതി യുടെ ഉപയോഗത്തിന്റെ കാര്യത്തിലെങ്കിലും നമ്മൾ മറ്റുള്ളവർക്കൊപ്പമല്ല, അതിലും താഴെയാണ്. അതിനു കാരണം വ്യാവസായിക മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ കുറവാണ്. ഈ കുറവാണ് നമ്മുടെ ജീവന ക്കാരുടെ ശമ്പളം അധികമായി ചിത്രീകരി ക്കപ്പെടുന്നതിനു കാരണം. മറ്റുള്ള സംസ്ഥാന ങ്ങളുടെ നിലവാരത്തിൽ നമ്മളെ ത്തിയാൽ പീക്ക് ഡിമാന്റ് ഏഴായിരം മെഗാവാട്ടായെ ങ്കിലും ഉയരും. പ്രതിവർഷ ഉപയോഗം മുപ്പത്തി അയ്യായിരം മില്യൻ യൂണിറ്റായും ഉയർ ന്നേനെ, അങ്ങിനെ വരുമ്പോൾ വരുമാനവും ഉയരും. അതുവഴി ജീവനക്കാ രുടെ ചെലവ് ആകെയുള്ള വരുമാനത്തിന്റെ ശതമാന കണക്കിലേക്കു വരുമ്പോൾ കുറയു കയും ചെയ്യും. അതു കൊണ്ട് വൈദ്യുതി മേഖലയുടെ നിലനിൽ പ്പിന് വ്യാവസായിക വളർച്ച അനിവാര്യമാണ്. വ്യാവസായിക വളർച്ച ഉണ്ടാകണമെങ്കിൽ താരിഫ് കുറയ്ക്കുവാൻ സാധിക്കണം. താരിഫ് കുറയ്ക്കണമെങ്കിൽ ഇറക്കുമതി വഴിയുള്ള വൈദ്യുതിയുടെ പർച്ചേസ് കുറയണം. അതാണ് ചുമരെഴുത്ത് എന്ന് മനസ്സിലാക്കണം.

✵

THE TRUTH ABOUT EMPLOYEE COST IN KSEBL

(Contd..)

Er. C.P. George
Deputy Chief Engineer (Rtd.)

DISTRIBUTION

According to electricity act 2003, National Electric Policy & Tariff Policy; the responsibility of the distribution licensee is to arrange power from generating companies through power purchases, arrange transmission of the power from generating stations to the consumer centers by utilizing transmission lines by paying transmission charges or wheeling charges and sell the power to the consumers through the distribution system maintained by it in accordance with the tariff allowed by the SERC. SERC shall decide the tariff based on the power purchase cost, depreciation of capital expenditure, cost of loan and O&M expenditure which include the employee cost.

As such only those cost of the employee utilized for the O&M and recovery of charges need be accounted as employee cost.

This means, the cost of employees utilized for other purposes that cannot be accounted in the O&M cost need to be segregated and the cost for such works need to be realized from such projects or works.

Again, many R&M works including transformer maintenance & HT line maintenance, executed by contracts in other utilities being executed by permanent employees in KSEBL and need to be accounted appropriately in O&M account.

The various activities that undertaken by the officers and staff of the distribution wing beyond the accounted cost in the ARR is given below

1. Capital works in the distribution wing:

The execution of capital works including effecting new service connection need a separate system for execution and the employee cost for these works need to be accounted separately and shall be capitalized and should be accounted in the valuation of assets. Consequently, the value of these assets including the employee cost used for execution is supposed to provide KSEBL with return through loan cost and depreciation. As such by accounting their salary in O&M, the organization is losing the return and providing additional expenditure.

According to CERC/SERC guidelines the useful life of the transmission/ distribution line is 35 years, communication system is 15 years IT equipment is 7 years & software for 5 years. Many of the works being accounted in O&M, including the works that being executed during natural calamity in distribution wing have the scope of converting it to a capital work

by proper identification and program implementations. Instead, many such works are being under O&M for maintaining the system and in turn leads to increase in O&M expense and employee cost. Thus, we may state that the poor management strategy without vision is major reason for higher establishment cost in KSEBL.

Kindly note that as per the CEA Planning strategy, we to need to satisfy (n-1) condition in the distribution system for quality and reliability of the supply and need a lot of investment in the sector. If we appropriately structure distribution wing and account the cost employees used for the creation of distribution assets, the salary cost for KSEBL shall be far better competitive than many of the comparing states.

Need to ensure with appropriate systems and corporate software that the capital investment costs shall not reflect to the O&M expense. Kindly note that IT software being considered as an investment with 5 years useful life by CERC is accounted as employee cost in KSEBL during past 15 years!

The issue with our efficiency and effectiveness in execution of capital projects need be reviewed and corrective steps need to be taken with a professional approach by the decision makers in this regard.

2. **Consultancy/ advisory services provided to the local bodies and other government projects**.

KSEBL is providing consultancy service and technical service to most of the electrical projects prepared by local bodies at different levels by rendering the services of the officers and staff from Line Man to Chief Engineer. The time spend by KSEBL officers & staff for such works need to be accounted against the consultancy services and legitimate fees collected from the concerned departments can be deducted from the employee cost.

3. **The DSM Activities & Nonconventional Energy Sources**.

All the DSM activities except replacement of the faulty meter need to be accounted separately. KSEBL as a distribution licensee must see that maximum power is sold to the consumer through its infrastructure for better utilization of its infrastructure & establishment. Higher the power sold, less will be the percentage of employee cost. As the tariff is telescopic, more power consumed by the consumer gives better revenue, provided it is metered with a correct meter. Responsibility of the distribution licensee is to distribute electricity with quality and reliability @ minimum loss in the distribution system. We have Bureau of Energy Efficiency constituted by GOI under subsection (l) of section 3 of Energy Conservation act 2001 responsible for the Coordinating the functions of energy conservation in India and the State Designated Agency, the Energy Management Centre to coordinate such activities in the state of Kerala. The distribution licensee needs to account the employee utilization for such purposes separately based on the specific schemes initiated by these agencies and deduct the cost from the employee cost.

Again, we have ANERT to take care of all the nonconventional energy sources including the Solar and Wind projects. The responsibility of the distribution licensee is only to meet the requirement of Renewable Purchase Obligation (RPO) specified by the Commission and the cost is to be met through the ARR.

Engaging the employees of the distribution sector in those areas with philosophical conflicts with the functional goals do not augment well with the distribution efficiency as same shall lead to motivational issues and conflicting interest among employees. If the distribution sector needs to function in commercial principles, the officers and staff of the distribution licensee nee to conceive the commercial principles and entrusting government responsibilities to its employees do not do any good for it efficiency.

4. Deposit works:

The man hours used by the officers and staff for providing the services on deposit work is not accounted as per the market value. The cost allowed by the KSERC for such services are pea nuts compared to the market value of the employee cost spend by KSEBL. Thus, actual cost based on the market value shall be realized and deducted from the employee cost projected.

5. Streetlight maintenance.

The responsibility of the licensee is to provide supply through correct meter according to the tariff specified by the KSERC. The streetlight maintenance is the responsibility of the local body and same need to be done under supervision of KSEB staff on payment of the supervision charge. This supervision charge needs to be collected based on the actual cost of the employee utilized and need to be deducted from the employee cost.

6. Works Related to the Natural Calamities

Need to account the cost of works and employees used for restoring supply during natural calamities separately and accounted separately. The amount needs to be deducted from the cost of O&M of the assets in the SBU.

No organization in power sector uses the same employees for O&M and capital works/ asset creation works as both functions are managed with different philosophies. The type of skills required for both functions are entirely exclusive.

The O&M employee to be loaded functionally with only those works in the distribution system for maintaining the supply. All other services need to be excluded from their responsibility and shall bring under a separate ARU for capital services. Possible mechanization and automation need to be introduced for O&M and universally accepted project execution philosophies need to be adopted for capital works in par with other performing organization.

Similarly, the employee cost for billing and accounting needs to be evaluated on functional basis in par with

the performing organization in power sector and possible automation and software solution for billing need to be investigated. Hope that RDSS (Revamped Distribution Sector Scheme) with AMI (Advanced Metering infrastructure) combined with smart meters shall be implemented in KSEBL successfully to take the organization to next level of power distribution and consumer experience.

After using the employees for those works that cannot be accounted in the O&M and ARR, without taking relevant steps to implement all these structural modifications & modernizations as envisaged in the Electricity Act 2003, its subordinate rules, regulations and restructuring programs for functional transparency with functional efficiency; blaming the organization for the high employee cost do not serve any purpose for the state power sector.

TRANSMISSION:

The responsibility of the State Transmission Utility is *to build, maintain and operate an efficient, co-ordinated and economical inter-State transmission system or intra-State transmission system, as the case may be; should undertake network expansion after identifying the requirements in consultation with stakeholders and due regulatory approvals.*

As such the employee cost of the STU need to be identified separately with separate ARR based on the transmission charges according to the quantum of energy handled by the STU. The ARR must be based on the depreciation, the cost of loan, return on equity, O&M expense employee cost etc.

Here again the capital works need to be segregated from the O&M works. Moreover, the transmission assets need to be demarcated from distribution assets by fixing the interfacing point with distribution.

Even though our lines and substation equipments have crossed the life span allowed, we have not made any systematic plan to renovate and modernize our transmission system to the tune of Grid complexity requirement for present complex scenario as envisaged in the Electricity Act 2003 and its subordinate regulations. Thus, instead of doing capital works, we are managing the system with O&M which automatically reflects in the employee cost and O&M cost! As such the employee cost may be high since we are managing the system without systematic capital investments to replace and modernise our old transmission lines and substation equipments to the tune of grid connectivity requirements. Thus, instead of reflecting the depreciation of the capital investment in the transmission tariff, our O&M cost and employee cost in the transmission is being reflected in the distribution ARR?!! Hence, we are not able to evaluate whether KSEBL transmission system is efficient or the employee cost in the transmission is comparable with another organisation.

(To be contiuned.....)

കെട്ടിയ മണിയുമായി ഊരുചുറ്റുക

ഗുരുജി

അനാവശ്യ സമരം ആരോഗ്യത്തിനു ഹാനികരം എന്നുമനസ്സിലാക്കിയവർ, അണികൾക്കിടയിൽ ഉണ്ടായ അനിഷ്ടങ്ങൾ മാറുവാൻ അനാവശ്യ സമരസമയത്തുയർന്നു വന്ന അസ്ഥികൂടങ്ങളിൽ നിന്നും ലഭിച്ച മണി കഴുത്തിൽ കെട്ടി കേരളമാകെ ഓടി നടക്കുകയാണ്. വൈദ്യുതി ഭവനു മുന്നിൽ കുടിൽ കെട്ടി മുദ്രാവാക്യം വിളിച്ചവർക്കൊക്കെ ഓക്കാനം വരുന്ന കാര്യങ്ങളാണ് പിന്നീടുണ്ടായത്. എസ്ഐഎസ്എഫ്കാരുടെ സെക്യൂരിറ്റി സേവനങ്ങൾ ചെലവ് അധികമാണെന്നു ഘോര ഘോരം പ്രസംഗിച്ചവർക്ക്, മുഖ്യമന്ത്രിയുടെ സെക്യൂരിറ്റി എസ്.ഐ.എസ്.എഫ്. ആക്കി എന്ന വാർത്തക്കു മറുപടിയില്ല, പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന, ആഭ്യന്തര വകുപ്പിന്റെ മന്ത്രിയായ മുഖ്യമന്ത്രിക്കു പോലും സെക്യൂരിറ്റി നൽകുവാൻ സംസ്ഥാന ഇൻഡസ്ട്രിയൽ സെക്യൂരിറ്റിയെ ഏല്പിക്കുമ്പോൾ കെ.എസ്.ഇ.ബി.യിലെ സെക്യൂരിറ്റിക് അവരെ ഏല്പിച്ചതിനെതിരെ സമരം ചെയ്തവർക്ക് എന്തു പറയുവാനാണുണ്ടാവുക എന്നത് കൗതുകകരമായ ഒരു ചോദ്യമാണ്. അന്നത്തെ മുദ്രാവാക്യങ്ങളിലൊന്ന് ഇലക്ട്രിക് വാഹനങ്ങളുടെ പേരിലായിരുന്നു. കെ.എസ്.ഇ.ബിയുടെ ടി 65 പ്രോഗ്രാമിന് ടീഷർട്ടുമിട്ട് വാഹനം ഓടിച്ചിരുന്നവരിൽ ഈ സമരം ചെയ്ത സംഘടനയിലെ ചില നേതാക്കന്മാരും ടീഷർട്ടിട്ട് അണിനിരന്നിരുന്നുവെന്നത് മറ്റുള്ളവർക്ക് ചിരിക്കുവാൻ വക നൽകിയിരുന്നു. ടീ ഷർട്ടിനെതിരെയും ഇ- വെല്ലുവിളി നടത്തിയവർ ടീഷർട്ടുമിട്ട് ഇ- വാഹനമോടിച്ചുകൊണ്ടുപോകുന്നത് ചരിത്രത്തിൽ മായാതെ ഇടം പിടിക്കും. സമരപന്തലും മുദ്രാവാക്യവും ഈ ഫോട്ടോകളും ചേർത്തുവെച്ചാൽ വൈരുദ്ധ്യാത്മക പ്രതിഭാസങ്ങൾക്ക് ഉദാഹരണമായി സ്റ്റഡി ക്ലാസ്സുകളിൽ അവതരിപ്പിക്കാം. അനാവശ്യ സമരം ആരോഗ്യത്തിനു ഹാനികരമായിയെന്ന് അണികൾക്കിടയിൽ ചർച്ചയാവുകയും കൂടുതൽ കൂടുതൽ പേർ അത് പ്രകടിപ്പിക്കുവാനും തുടങ്ങിയപ്പോൾ അത് ഒരു ഭൂകമ്പമായി വളരുമോയെന്ന ഭയത്താൽ ഇപ്പോൾ സമരനേതാക്കൾ തെക്കുവടക്കു ഓടി നടക്കുകയാണ് വിശദീകരണങ്ങളുമായി, ഏതോ ഒരു നേതാവിന്റെ ചെയ്തികളിൽ വന്നു ഭവിക്കാ വുന്ന ആപത്തുകളിൽ നിന്നും അദ്ദേഹത്തെ രക്ഷിച്ചെടുക്കുവാൻ മാത്രമായിരുന്നു ഈ സമരമെന്ന് എല്ലാവർക്കും ബോദ്ധ്യമാവുകയും ചെയ്തു. സംഘടനക്കോ സ്ഥാപനത്തിനോ അംഗങ്ങൾക്കോ ഒരു കാര്യവുമില്ലാത്ത സമരത്തിനു നേതൃത്വം നൽകിയവരെ രക്തസാക്ഷികളായിട്ടെങ്കിലും ഇനി കൊണ്ടുവരരുതെന്നേ പറയുവാനുള്ളു. പി.എസ്.സി., ഹൈഡൽ ടൂറിസം എന്നെല്ലാം കേൾക്കുമ്പോൾ ഞെട്ടുന്ന ചിലരുണ്ട്, അവർക്ക് ഈ വാക്കുകൾ മുമ്പ് ഇഷ്ട കഥാപാത്രങ്ങളായിരുന്നുവെങ്കിൽ ഇപ്പോൾ അതെല്ലാം ദുഷ്ട കഥാപാത്രങ്ങളും കഥകളും ആയി മാറിയിരിക്കുന്നു. കഴുത്തിൽ മണി കെട്ടിയവർ ഊരു ചുറ്റട്ടെ, അടുത്ത സമരംവരെ അവർക്കു വേറെ ജോലിയൊന്നും ചെയ്യാതെ ഇരുന്നു ശമ്പളം വാങ്ങാം.

കവിത

"ഒരു ബോട്ടുയാത്ര"

Er. പി. രാഘവൻ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

പ്രളയമൊഴിഞ്ഞ പ്രശാന്തമാം കായലിൽ
പ്രതീക്ഷതൻ കളിവള്ളമിറക്കി നിർത്തി
അതിൽ സ്നേഹവൃന്ദവും സ്വപ്നങ്ങളും
അതിരറ്റ സന്തോഷമോടെയേറി !
എന്നും കുതൂഹലമോടൊഴുകീടുന്ന-
വളപട്ടണം പുഴയുടെ തീരങ്ങളിൽ
കണികണ്ടുനിൽക്കും കണ്ടലിൻ ചാരുത
മതിമറന്നെല്ലാരുമാസ്വദിച്ചു!
ഗിരിനിരയിൽ നിന്നുറവയായൊഴുകി വ-
ന്നറബിക്കടലിൻ വിരിമാറുതേടി
പ്രണയപരവശയായ് നീന്തിവന്നക്കരെ-
യണയുവാൻ വെമ്പുന്ന കന്യകയെപ്പോൽ '
'പറച്ചിങ്ങാക്കടവിലെ" യോളങ്ങൾ മുത്തുന്ന
മുത്തപ്പദേവൻ തൻ പ്രസാദമേന്തി
ദിനരാത്രമെന്നും വിരുന്നുപോയിടുന്ന-
ജലറാണി തന്നെയാണീ പ്രവാഹം!

പണ്ടൊരു സഞ്ചാരി ഇബ്നുബത്തൂത്ത
കടൽകടന്നെത്തിയീ നദിയിലൂടെ -
'വളർപത്തന'ത്തിൽ കണ്ട കാഴ്ചയെല്ലാം -
വർണ്ണിച്ചു തൻ യാത്രക്കുറിപ്പിലൂടെ
പണ്ടേ ഇതുവഴി തീർത്ഥാടകർ
പലനാട്ടിൽ നിന്നുമീ കടവിലെത്തി
പറശ്ശിനി മുത്തപ്പ സന്നിധിയിൽ ചെന്ന് -
തൊഴുതുമടങ്ങി കൃതാർത്ഥരായി.

ഒരുദിനം സന്തോഷമാർജ്ജിച്ചിടാൻ നമ്മ-
ളൊരു ഹ്രസ്വയാത്രയ്ക്കു വന്നുചേർന്നു
ഒരു വർഷമേറ്റുള്ള സങ്കടങ്ങൾ നമ്മ-
ളറിയാതെ കഴുകിക്കളഞ്ഞുവല്ലോ!
എവിടുത്തെ കാട്ടിലെ മരങ്ങൾ വെട്ടി-
പുഴയുടെ തീരത്തെ ചളിയിൽ പൂഴ്ത്തി ?
അതുവഴി പോകുന്ന ഓളങ്ങളെ യവ-
യേറെ സ്വകാര്യം പറഞ്ഞതെന്തേ ?

കൊതിയന്മാരാകും കങ്കാണി മാരെല്ലാം
കാട്ടിലെ വനനിര വെട്ടിമാറ്റി.
അതിനുള്ള പ്രതിഫലമാണു നമ്മ-
ളറിയാതെ പൊങ്ങിയ പ്രളയശൂലം

വളപട്ടണം പാലങ്ങൾക്കടിയിലൂടെ -
യനവരതം തെളിനീരൊഴുകിപ്പോയി
കളകളം കേൾപ്പിക്കും കഥകൾക്കുള്ളി-
ലൊരുപാട് കദനമൊളിച്ചിരിപ്പൂ
അതുവെറും മുത്തശ്ശിക്കഥകളാവാം
അതുകേട്ട് കോരിത്തരിച്ചുവെങ്കിൽ,
അതുതന്ന പാഠം ഹൃദിസ്ഥിമാകിൽ,
അതിലൂടെ സഫലമീയാത്രയെല്ലാം !

NB : പറച്ചീങ്ങാകടവ് - പറശ്ശിനിക്കടവ്
വളർപത്തനം - വളപട്ടണം

അനുഭവക്കുറിപ്പ്

ബീക്കൺ ലൈറ്റ്

Er. ജെയിംസ് എം. ഡേവിഡ്
ചീഫ് എഞ്ചിനീയർ (റിട്ട.)

KSEBL വക വാഹനത്തിൽ ബീക്കൺ ലൈറ്റ് വയ്ക്കാൻ സർക്കാർ അനുമതി നൽകുകയും അത് നടപ്പാക്കാൻ നിർദ്ദേശങ്ങൾ വരികയും ചെയ്തു.

അനുകൂല പ്രതികൂല പ്രതികരണങ്ങൾ പതിവുപോലെയുണ്ട്. ഇഷ്ടമില്ലാത്ത അച്ചി തൊടുന്നതെല്ലാം കുറ്റമായി കാണുന്ന കാലമല്ലേ.

KSEBL നെ ഒരു അടിയന്തിര തന്ത്ര പ്രധാന യൂട്ടിലിറ്റി സർവീസായി അംഗീകരിച്ചു എന്ന് ആ ഉത്തരവ് വഴി കരുതാം. ഇതുവരെ അങ്ങനെ സർക്കാർ സംവിധാനങ്ങൾ കരുതിയിരുന്നില്ലല്ലോ. രണ്ടാം കെട്ടിലെ മക്കളായാണ് പലരും കാണുന്നത്.

പിന്നെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ജഡ്ജിമാരും വരെ കറങ്ങുന്ന ലൈറ്റ് ഉള്ള വണ്ടിയിൽ കറങ്ങുന്നത് അമിത അധികാരവും ജാഡയും ആഢ്യത്തവും പ്രത്യേക പ്രിവിലെജുമായി കാണുന്ന സമൂഹത്തിൽ ഇതിനെ വിമർശിച്ചാൽ തെറ്റു പറയാനാകില്ല.

KSEB വക emergency സ്വഭാവത്തിൽ ഓടുന്ന വാഹനങ്ങൾക്ക് ഒരു പ്രത്യേക പരിഗണന കിട്ടുന്നത് നന്ന്. എന്നാൽ ഇത് ഉയർന്ന ഉദ്യോഗസ്ഥർക്കായി മാത്രം പരിമിതപ്പെടുത്തുന്നതാണ് വിമർശന വിധേയമാകുന്നത്.

TCMS കോട്ടയത്തു പ്രവർത്തിക്കുമ്പോൾ ആ ജീപ്പുകൾക്ക് ടൗണിൽ പോലീസ് പ്രത്യേക പരിഗണന നൽകിയിരുന്നു. അന്ന് ടൗണിൽ തിരക്ക് ഇന്നത്തെക്കാൾ അല്പമുണ്ടായിരുന്നു.

ചില ഓർമ്മകൾ :

2013 ലെ മകരവിളക്കിന്റെ തലേദിവസം, രാത്രി ഒൻപതുമണി. Official ഡ്യൂട്ടിയിലുള്ള പത്തനംതിട്ട Deputy CEയുടെ കാർ പമ്പ ത്രിവേണിയിൽ തടയുന്നു. ട്രാഫിക് നിയന്ത്രണമാണ്. തൊട്ടടുത്ത ഓഫീസിലേക്ക് പോകാനാകില്ല എന്ന് ഡ്യൂട്ടി ഹെഡ് കോൺസ്റ്റബിൾ. പതിവുപോലെ ഓഫീസിലേക്ക് എന്ന് പറഞ്ഞു വണ്ടിയെടുത്ത കരാർ ഡ്രൈവറെ പോലീസ് ഭാഷയിൽ ഉഗ്രൻ നെയ്യഭിഷേകം. പതിനെട്ടാംപടിയിൽ തെറിയഭിഷേകത്തിനു സ്കോപ്പ് ഇല്ലാത്ത പോലീസ് ഭക്തന്റെ കളഭാഭിഷേകം നമ്മുടെ മേൽ പമ്പ ത്രിവേണിയിൽ. അതിൽ സംപ്രീതനായ DCE, തിരുവാഭരണം തലേ ദിവസം ചാർത്തികിട്ടിയ വ്യഥയിൽ തലകുനിച്ചു ഓഫീസിലേക്ക്.

ഇതൊക്കെ നേരിൽ കണ്ട ഒരു ഡ്യൂട്ടിക്കാരൻ സംഗതി വൈറൽ ആക്കി. KSEB യെ മൊത്തം അപമാനിക്കുന്നതിന് തുല്യമായതു കൊണ്ട് പരാതിയാക്കാൻ തീരുമാനമായി. പോലീസിന്റെ പേര് name ബാഡ്ജിൽ നിന്ന് അറിഞ്ഞതുകൊണ്ട് പമ്പയുടെ ചാർജുള്ള ഡ്യൂട്ടി ഓഫീസറായ SP യുടെ ഓഫീസിൽ വിളിച്ചു. ഒരു ആന്ധ്രാക്കാരൻ Dr. ശ്രീനിവാസനോ മറ്റോ ആണ് SP.

അരമണിക്കൂറിനുള്ളിൽ സന്ദേശം വന്നു പോലീസ്കാരൻ രാവിലെ 8മണിക്ക് പാപപരിഹാരപൂജക്ക് ത്രിവേണി ഓഫീസിൽ മാപ്പുമായി എത്തുമെന്ന്.

രാവിലെ ഉണർന്നപാടെ തിരിച്ചു വിളിച്ചു പറഞ്ഞു വേണ്ട, ആശാൻ ക്ഷമിച്ചിരിക്കുന്നു, ഇനി ആവർത്തിക്കാതിരുന്നാൽ മതി.

വണ്ടി കരാർ indica ആയതു കൊണ്ടാണ് ഇത് സംഭവിച്ചതെന്നതു കൊണ്ട് CE ഉപയോഗിച്ചിരുന്ന അംബാസിഡർ കാർ പത്തനംതിട്ടക്ക് കൈമാറി. (മൻമോഹൻ സിങ് പോലും ambassodor ഉപയോഗിക്കുന്ന കാലമാണ്)

ഇനി ബീക്കൺ ലൈറ്റ് കണ്ട് ഈ നെയ്യഭിഷേകത്തിന് പകരം സല്യൂട്ട് കിട്ടും DCE ക്ക്, അയാൾക്കുമുണ്ട് ഒരു ബീക്കൺ ഉള്ള EV.

ALPHABET QUIZ

Shreya S.
D/o. Er. Lekha P.
Executive Engineer

- Which Letter is singular ?
  Ans: (A)
- Which Letter is an insect ?
  Ans: B (BEE)
- Which Letter is a human organ ?
  Ans: I (Eye)
- Which Letter is an exclamation ?
  Ans: O (Oh)
- Which is an pronoun ?
  Ans: V (We)
- Which Letter is a drink ?
  Ans: T (Tea)
- Which letter asks a question ?
  Ans: Y (why)
- Which letter is a vegetable ?
  Ans: P (Pea)
- Which letter denotes an answer ?
  Ans: S (Yes)

2006 ൽ കോട്ടയത്തു പ്രസിഡന്റ് APJ വരുന്നു. ഒരു സ്കൂൾകുട്ടിയെ കാണുന്നതുൾപ്പടെ ആറു സ്ഥലത്തു പ്രോഗ്രാം. രാവിലെ പരേഡ് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ കലാം സാർ എത്തും. ഹെലികോപ്റ്ററിന്റെ കാറ്റിൽ അതു വഴിയുള്ള 11kVലൈൻ ഉലഞ്ഞു കൂട്ടിമുട്ടും. ലൈൻ ട്രിപ്പ് ആകും, വൈദ്യുതി പോകും. അതിന് കോപ്റ്റർ വരുമ്പോൾ ലൈൻ ഓഫ് ചെയ്യും. land ചെയ്താൽ ഉടൻ ചാർജ് ചെയ്യും. AEE ക്കാണ് അതിന്റെ പ്രത്യേക ചുമതല.

പണ്ട് രാജീവ് ഗാന്ധി വന്നപ്പോൾ ഈ ലൈൻ കൂട്ടിയടിച്ചു spark വന്നു. Supply യും പോയി.അട്ടിമറിക്കും വധശ്രമത്തിനും EE യെ കുറ്റം ചുമത്തിയത്രെ. നമുക്കും പേടിയാണ്, കുറ്റം രാജ്യസുരക്ഷ ലംഘനമാകും.(ഇപ്പോൾ ഈ ലൈൻ മാറ്റി കേബിൾ ആക്കിയിട്ടുണ്ട്)

രാവിലെ നേരത്തെയെത്തി ഗ്രൗണ്ടിൽ BSNL ഫോണുകൾ ഉള്ള ക്യാബിനിൽ നിലയുറപ്പിക്കണം. മൊബൈൽ അന്നു വ്യാപകമല്ല. ആ dedicated ഫോണിൽ നിന്ന് വിളിച്ചു ആ സമയത്തു permit എടുക്കണം. ധൃതിയിൽ വാടക ജീപ്പിൽ അങ്ങോട്ട് പോകുന്ന AEE യെയും EE യെയും കർത്തവ്യബോധമുള്ള ഒരു പോലീസുകാരൻ തടഞ്ഞു. വണ്ടിയുടെ ഗ്ലാസിൽ emergency pass ഒട്ടിച്ചിട്ടുണ്ട്. SP തന്നതാണ് പാസ്. ഇപ്പോൾ IG ആയിരിക്കുന്ന ശ്രീജിത്ത് ആണ് SP.

പാസ് ഉള്ള വണ്ടിയാണ് എന്ന് പറഞ്ഞു അധികാരത്തോടെ AEE യുടെ എമർജൻസി വണ്ടി അകത്തേക്ക് കയറിപ്പോകുമ്പോൾ പുറകിൽ ഒരു BGM. 'രാവിലെ പാസും ......പ്പുമായി ഒരോ... ന്മാർ ഇറങ്ങും... '

കേട്ട ഭാവം നടിച്ചില്ല.

മനസ്സിൽ വന്നത് മറു തെറിയല്ല, കലാം സാറിന്റെ വാചകമാണ്.

'മനുഷ്യന് പ്രതിസന്ധികളില്ലാതെ ജീവിതവിജയം ആസ്വദിക്കാനാകില്ല.'

വണ്ടിയിലെ ബീക്കൺ ലൈറ്റ് ഈ പ്രതിസന്ധികളിൽ തുണയാകുമെന്നാണ് ചിലരുടെ പ്രതീക്ഷ.

പുതു സംരംഭമല്ലേ, ഇത് ഒരു തുടക്കമാകട്ടെ.

Creativity is seeing the same thing but thinking differently. (Abdul Kalam)

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു KSEB എഞ്ചിനീയേഴ്സ് അസോസിയേഷൻ 08-03-2022 നു ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച ആഘോഷ പരിപാടികൾ

അന്താരാഷ്ട്ര വനിതാ ദിനത്തോട നുബന്ധിച്ചു KSEB എഞ്ചിനീയേഴ്സ് അസോസിയേഷൻ 08.03.2022 നു ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച ആഘോഷ പരിപാടികൾ വൈകുന്നേരം 8.00 മണിക്ക് ആരംഭിച്ചു. ജനറൽ സെക്രട്ടറി ശ്രീമതി ഗീത V. എല്ലാവരെയും സ്വാഗതം ചെയ്തു. 34 അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ ആദ്യം ശ്രീമതി മിനിമോൾ ടി. കെ. (LA & DEO, KSEBL) സ്ത്രീ സുരക്ഷയും നിയമങ്ങളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. തുടർന്ന് Dr. ചിത്ര. L.R. (അസിസ്റ്റന്റ് സർജൻ, ഹെൽത്ത് സർവീസസ്) സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് വളരെ വിശദമായി പ്രഭാഷണം നടത്തുകയുണ്ടായി. അതിനുശേഷം അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. 10.15 നു ശ്രീമതി ശുഭ T.G. യുടെ നന്ദി പ്രകാശന ത്തോടുകൂടി യോഗം അവസാനിച്ചു.



കവിത

വീരാംഗന

Er. **മഹേഷ് റ്റി.**
അസിസ്റ്റന്റ് എഞ്ചിനീയർ

വാർമുകിൽ വർണ്ണങ്ങൾ ചാർത്തി
വന്നെത്തി മഹിളാ ദിനം
വിനീതയാം വനിതയ്ക്ക്
വാനോളം ആശംസകൾ !

വാക്കുകൾക്കതീതമാം മുത്തുകൾ പൊഴിച്ചു
വർണ്ണനകൾക്കതീതമാം രൂപങ്ങൾ ചാർത്തി
വാനമ്പാടിതൻ സ്വരമാധുരിയാലെ

വാഴ്ത്തപ്പെടേണം എന്നും നീ വീരാംഗനേ
വർഷകാലത്തെ ഇടിമിന്നലുപോൽ
വാനിൽ നിൻ സാന്നിധ്യം ഉണ്ടാവണം
വിണ്ണിൽ നിൻ പ്രതിബിംബം എത്തിടേണം
വീര്യമുൾക്കൊണ്ടു പൊരുതുക നീ ശൗര്യേ !

വൈദ്യുതിയുടെ താരീഫിലെ ഫിക്സഡ് ചാർജ്ജിന്റെയും മീറ്റർ വാടകയുടെയും പ്രസക്തി: ഒരു വിശകലനം.

Er. **സി.പി. ജോർജ്ജ്**
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)

ഇലക്ട്രിസിറ്റി താരീഫിലെ ഫിക്സഡ് ചാർജ്ജിനെ സംബന്ധിച്ചും മീറ്റർ വാടകയെ സംബന്ധിച്ചും ശരിയും കൃത്യവും വ്യക്തവുമായ ധാരണ ഇല്ലാത്തതുകൊണ്ടും അവയെ നേരാംവണ്ണം വിശദീകരിച്ചു കൊടുക്കാൻ KSEBL എന്ന യൂട്ടിലിറ്റി നടപടികൾ എടുക്കാത്തതുകൊണ്ടും സാധാരണ ഉപഭോക്താവിനും ജനത്തിനും ഇവയെപറ്റി പല തെറ്റിധാരണകളും സംശയങ്ങളും അടിസ്ഥാനമില്ലാത്ത പരാതികളും ഉണ്ടാകുന്നത് വളരെ സാധാരണമാണ്. താരീഫിലെ ഫിക്സ്ഡ് ചാർജ്ജും മീറ്റർ വാടകയും എന്താണ് എന്നതും സാമ്പത്തികമായി ഇവയുടെ പ്രസക്തി എന്താണ് എന്നതും ഇവ താരീഫിൽ പെടുത്തിയില്ല എങ്കിൽ എന്താണ് പ്രശ്നം എന്നതും ആണ് ഇവിടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്.

അടിസ്ഥാനപരമായി കാര്യങ്ങൾ നിയമപരമായും സുതാര്യമായും നടക്കുന്നു എന്ന സങ്കൽപ്പത്തിലാണ് കാര്യങ്ങൾ ഇവിടെ വിശകലനം ചെയ്യുന്നത്. അതോടൊപ്പം KSEBL അടക്കമുള്ള വൈദ്യുതി യുട്ടിലിട്ടികൾ ജനങ്ങൾ സർക്കാരിനു കൊടുക്കുന്ന നികുതിപ്പണം കൊണ്ടല്ല പ്രവർത്തിക്കുന്നതും നിലനിൽക്കുന്നതും എന്നതും പ്രത്യുത വൈദ്യുതി ഉൽപാദിപ്പിച്ചോ ഉല്പാദകരിൽ നിന്നും വാങ്ങിയോ വൈദ്യുത ശൃംഖലകൾ വഴി ഉപഭോക്താവിന് എത്തിച്ച് അത് അവർക്ക് വിറ്റ്കിട്ടുന്ന വരുമാനം കൊണ്ടാണ് എന്ന വസ്തുതയും ഇവിടെ കണക്കിൽ എടുക്കേണ്ടതുണ്ട്

ഫിക്സഡ് ചാർജ്ജ്.

വൈദ്യുതിയുടെ താരീഫുമായി ബന്ധപ്പെട്ട് ഫിക്സ്ഡ് ചാർജ്ജ് എന്നു തരംതിരിച്ചു ബില്ലിൽ കാണിക്കുന്ന തുക വൈദ്യുതി ഉൽപാദിപ്പിച്ച് ഉപഭോക്താവിൽ എത്തിക്കാൻ വേണ്ട ആസ്തി നിർമ്മാണത്തിന് വേണ്ട മുടക്കു മുതലിന്റെ ചെലവുമായി ബന്ധപ്പെട്ടതാണ് എന്ന അടിസ്ഥാന തത്വമെങ്കിലും അറിയാതെ അതിനെ കൊള്ള എന്നു ചിലർ വിശേഷിപ്പിച്ചു കാണുന്നത് പൊതു മേഖലയിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന ഒരു കമ്പനി നടത്തിക്കൊണ്ടു പോകുമ്പോൾ പാലിക്കുന്ന അടിസ്ഥാന സാമ്പത്തിക കാര്യങ്ങളെപ്പറ്റിയും സാമ്പത്തിക വീക്ഷണങ്ങളെ പറ്റിയും ഉണ്ടാവേണ്ടുന്ന അജ്ഞത കൊണ്ടോ വെറും സ്ഥാപിത താൽപര്യങ്ങൾ കൊണ്ടോ മാത്രമെന്ന് പറയാതെ വയ്യ.

ഉപഭോക്താവ് വൈദ്യുതി ഉപയോഗിച്ചാലും ഇല്ലെങ്കിലും ഉപഭോക്താവിന്റെ മീറ്റർ വരെ വൈദ്യുതി എത്തിയ്ക്കാൻ വേണ്ട ആസ്തികൾ സ്ഥിരമായി നിർമിച്ചുവച്ചാൽ മാത്രമേ ഉപഭോക്താവിന് ഇഷ്ടമുള്ള സമയത്ത് തന്റെ വൈദ്യുത ഉപകരണങ്ങൾ ആവശ്യം പോലെ പ്രവർത്തി പ്പിക്കാൻ ആവുകയുള്ളൂ എന്നതും അങ്ങനെ ആസ്തികൾ നിർമിച്ചു വയ്ക്കുന്നതിന് ധാരാളം സാമ്പത്തിക ബാധ്യതയുണ്ട് എന്നതും സാമാന്യ ബോധമുള്ള ആരോടും പറഞ്ഞു കൊടുക്കേണ്ടതില്ലല്ലോ. അതിനു വേണ്ട ആസ്തികൾ ലൈനുകളായും ട്രാൻസ് ഫോർമറുകളായും ജനറേറ്ററുകളായും ഉണ്ടാക്കുന്നത് ലോൺ എടുത്തും സർക്കാരിന്റെയോ വിപണി വഴിയുള്ളതോ ആയ മുതൽ മുടക്കിലൂടെയും ആയിരിക്കണമല്ലോ കണ്ടെത്തുന്നത്?!.

അങ്ങനെ ലോണുകൾ എടുക്കുമ്പോൾ പലിശ കൊടുക്കേണ്ടി വരിക സ്വാഭാവികമല്ലേ?

കമ്പനിയുടെ ഓഹരി വഴി ഒരാൾ മുതൽ മുടക്കിയാൽ അദ്ദേഹത്തിന് മുടക്കുമുതലിന്

വരുമാനം(return) കൊടുക്കേണ്ടതല്ലേ? (മേഖലയിൽ മുതൽ മുടക്ക് പ്രോത്സാഹിപ്പിക്കാൻ സർക്കാർ നിലവിൽ നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ റിട്ടേൺ 14% ആണ് എന്നതും ഇവിടെ പ്രസക്തമാണ്)

ഉണ്ടാക്കിയ ആസ്തിക്ക് തേയ്മാന ചെലവ് വേണ്ടേ? അങ്ങനെ ആസ്തിയുടെ ആയുസ്സ് എത്തുമ്പോഴെങ്കിലും മുടക്കിയ മുതൽ തിരിച്ച് ലഭിക്കേണ്ടേ?

ഈ ആസ്തികളെ പരിപാലിക്കാൻ ജീവനക്കാരും കേടുപാടുകൾ തീർത്ത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ പരിപാലനച്ചെലവും വേണ്ടേ?

ഒരു ശൃംഖലയിൽ ഘടിപ്പിയ്ക്കപ്പെട്ട ഉപഭോക്താവിന്റെ Connected load / Contract Demand ന് അനുസരിച്ചാണ് ശൃംഖലയിലെ അസ്തി നിർമ്മിക്കപ്പെടുന്നതും ഉപഭോക്താവിന് വിഹിതം നിശ്ചയിച്ച് വയ്ക്കുന്നതും. കണക്ഷൻ എടുത്തു കഴിഞ്ഞ് വൈദ്യുതി ഉപയോഗിച്ചാലും ഇല്ലേലും അത്രയും ആസ്തി ടി ഉപഭോക്താവിന് വേണ്ടി അദ്ദേഹത്തിന്റെ അനുവദിക്കപ്പെട്ട ലോഡിന് ആനുപാതികമായി reserved ആയി സൂക്ഷിച്ചാലെ അദ്ദേഹത്തിന് ആവശ്യം പോലെ ആവശ്യം ഉള്ളപ്പോൾ വൈദ്യുതി ആവശ്യമുള്ള അളവിൽ ഉപയോഗിക്കാൻ ആവൂ. അതുകൊണ്ട് ഉപഭോക്താവ് അതിന്റെ ചെലവ് വഹിക്കുക എന്നത് സാമാന്യ നീതിയാണ്.

ഒരു ഉപഭോക്താവിന് അനുവദിച്ച ലോഡിന് ആനുപാതികമായ ആസ്തി നിർമ്മാണത്തിന്റെ ചെലവ് ടി ഉപഭോക്താവ് വഹിക്കുക എന്നതാണ് നിലവിലെ താരീഫ് ഘടന.

അതായത് ആസ്തി നിർമാണത്തിന് ലോൺ എടുത്തതിന്റെ പലിശ, തേയ്മാന ച്ചെലവ്, മുടക്കുമുതലിന്റെ return, ആസ്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ വേണ്ട ജീവനക്കാരുടെ ശമ്പള ച്ചെലവ്, ആസ്തിയുടെ പരിപാലനച്ചെലവ് തുടങ്ങിയവ ഉപഭോക്താവ് വൈദ്യുതി ഉപയോഗിച്ചാലും ഇല്ല എങ്കിലും കാര്യമായി വ്യത്യാസം ഇല്ലാതെ യൂട്ടിലിറ്റിക്ക് വരുന്ന സ്ഥിരം ചെലവുകളാണ്. ആ ചെലവുകളുടെ ആനുപാതികമായ തുക fixed charge ആയി ഉപഭോക്താവിൽ നിന്നും വാങ്ങാതെ എങ്ങനെയാണ് വൈദ്യുതി വ്യവസായം നടത്തിക്കൊണ്ടുപോകാനാവുക? വൈദ്യുതിയെ സംബന്ധിച്ചിടത്തോളം ഒരു ഉപഭോക്താവ് തന്നുടെ ഉപഭോഗ കാലയളവിൽ ഏതാനും മിനുട്ടുകൾ മാത്രം ഉപയോഗിക്കുന്ന പരമാവധി ലോഡ് കൈകാര്യം ചെയ്യുവാൻ ശേഷിയുള്ള ആസ്തി നിർമിച്ചു പരിപാലിക്കേണ്ടത് ശൃംഖലയുടെ സുരക്ഷക്കും കാര്യക്ഷമതയ്ക്കും വിശ്വാസ്യതയ്ക്കും അത്യന്താപേക്ഷിതമാണ്.

ഇനി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന പരമാവധി ലോഡ് കുറയ്ക്കണം എങ്കിൽ അങ്ങനെ പറഞ്ഞ് അപേക്ഷ കൊടുത്ത് ലോഡ് കുറച്ചാൽ അങ്ങനെ കുറച്ച വിഹിതം അടുത്ത ആവശ്യക്കാരന് കൊടുക്കുകയും അങ്ങനെ ഉപഭോക്താവിന് fixed charge-ൽ ഇളവ് ലഭിക്കുകയും ചെയ്യുമല്ലോ. ഇങ്ങനെ ചെയ്യുന്നത് പുതിയ ഉപഭോക്താക്കൾക്കു വേണ്ടിയും നിലവിലെ ഉപഭോക്താക്കളുടെ കൂടുന്ന ആവശ്യകതയ്ക്ക് വേണ്ടിയും യൂട്ടിലിറ്റിക്ക് പുതിയ ആസ്തി നിർമ്മിക്കാതെ തന്നെ അവരുടെ ആവശ്യം നിർവഹിക്കാൻ സാധ്യത തുറക്കുകയും നിലവിലെ ആസ്തികൾ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിപ്പിക്കാൻ അവസരം ഉണ്ടാകുകയും ചെയ്യും.

ഒരു വണ്ടി വാടകക്ക് എടുത്തിട്ട് അതിൽ ഒരാള് യാത്ര ചെയ്താലും വണ്ടി നിറയെ ആള് യാത്ര ചെയ്താലും വണ്ടിയുടെ ഇന്ധന ചെലവിലും തേയ്മാനച്ചെലവിലും പരിപാലന ചെലവിനും ജീവനക്കാരുടെ കൂലിക്കും കാര്യമായ വ്യത്യാസമില്ലാത്തപോലെ തന്നെ

യാണ് ഇവിടെയും സാമ്പത്തിക തത്വങ്ങൾ പ്രവർത്തിക്കുന്നത് എന്ന് സാരം! വാടകയ്ക്ക് കൊടുന്നതിന് വണ്ടി വാങ്ങാൻ എടുത്ത ലോണിന്റെ തവണകൾ അടയ്ക്കാൻ വരുമാനം വേണ്ടേ? Driver ക്കും മറ്റു ജീവന ക്കാർക്കും ദിവസം മുഴുവൻ മിനക്കെട്ട് ജോലി ചെയ്യുന്നതിന് കൂലി കൊടുക്കേണ്ടേ?

മീറ്റർ വാടക.

മീറ്റർ വാടക അന്യായമെന്നതാണ് മറ്റൊരു പ്രചരണം. എന്നാൽ എന്താണ് ഇതിലെ വസ്തുത?

വൈദ്യുതി നിയമ പ്രകാരം ഉപഭോക്താവിന് സ്വന്തമായി മീറ്റർ വാങ്ങി പരിപാലിക്കാൻ സ്വാതന്ത്ര്യമുണ്ട്. അതിന് തയ്യാറായാൽ മീറ്റർ വാടക കൊടുക്കേണ്ടതില്ല എന്നതാണ് നിയമം...! (As per Section 55 of Electricity Act; "the licensee may require the consumer to give him security for the price of a meter and enter into an agreement for the hire thereof, unless the consumer elects to purchase a meter")

വൈദുതി കണക്ഷൻ എടുക്കുമ്പോൾ ഉപഭോക്താവ് സ്വന്തം വൈദ്യുത പ്രതിഷ്ഠാപനത്തിന്റെ വൈദ്യുത ഉപഭോഗവും വൈദ്യുതിയുടെ മറ്റു ഘടകങ്ങളും രേഖപ്പെടുത്തുന്നതിനും അവ ആവശ്യാനുസരണം വിനിമയം ചെയ്യുന്നതിനും ആവശ്യമായതും ശേഷിയുള്ളതുമായ മീറ്റർ സ്വയം വാങ്ങി യൂട്ടിലിട്ടിയുടെ സഹായത്തോടെ സ്ഥാപിച്ചു പരിപാലിക്കാൻ തയ്യാറാവാത്ത സാഹചര്യത്തിൽ യൂട്ടിലിറ്റി മീറ്റർ വാങ്ങി ഉപഭോക്താവിന് വാടകയ്ക്ക് കൊടുക്കുന്നതിനാലാണ് മീറ്റർ വാടക യൂട്ടിലിട്ടിക്ക് വാങ്ങേണ്ടിവരുന്നത്.

അങ്ങനെ ചെയ്യുമ്പോൾ മീറ്ററിന്റെ വിലയുടെ തത്തുല്യമായ തുക ഉപഭോക്താവിൽ നിന്നും സെക്യൂരിറ്റി വാങ്ങാനും വൈദ്യുതിനിയമം അനുവദിക്കുന്നുണ്ട്. അതിനു കാരണം നിയമ പ്രകാരം മീറ്റർ പൂർണമായും യൂട്ടിലിറ്റിയുടെ ആസ്തിയായി കണക്കാക്കപ്പെടുന്നില്ല എന്നതും അതുകൊണ്ട് മീറ്റർ വാങ്ങാനും പരിപാലിക്കാനുമുള്ള ചെലവ് വൈദ്യുത നിരക്കിലോ വൈദ്യുത കണക്ഷൻ തുകയിലോ പ്രതിഫലിക്കപ്പെടുന്നില്ല എന്നതും കൊണ്ടാണ്.

ഒരു ഉപകരണം വാടകക്ക് വാങ്ങിയാൽ അതിന്റെ വില മാത്രം നോക്കിയാണോ വാടക ഈടാക്കുക?

അതിന്റെ പരിപാലനച്ചെലവ് വേണ്ടേ?!

സാങ്കേതികത മാറുന്നതനുസരിച്ച് പുതിയ മീറ്റർ വയ്ക്കേണ്ടേ?

ഇടയ്ക്ക് കേടുപറ്റിയാൽ നന്നാക്കുകയോ പുതിയ മീറ്റർ വാങ്ങി വയ്ക്കുകയോ വേണ്ടേ?!

പരാതി പറഞ്ഞാൽ മീറ്ററിന്റെ കൃത്യത നോക്കേണ്ടേ? അതിന് വേണ്ട ടെസ്റ്റുകൾ നടത്തേണ്ടേ? അതിനു അംഗീകാരവും ആക്രഡിഷനും ഉള്ള ലാബുകൾ പരിപാലിക്കേണ്ടത് ആവശ്യമല്ലേ. അതിനൊക്കെ വേണ്ട സാമ്പത്തികം കണ്ടെത്തുന്നതിന് ഇതല്ലാതെ മറ്റെന്താണ് വഴി?!

ഇതൊക്കെ ഇപ്പോൾ തരുന്ന ചെറിയ വാടക കൊണ്ട് മാത്രം തീരുമോ എന്നും ആലോചിക്കുന്നത് നല്ലതാണ്?

ഒരാൾ ടാക്സി വാടകക്ക് എടുക്കുമ്പോൾ ടാക്സിയുടെ വില ലഭിച്ചു കഴിഞ്ഞാൽ ടാക്സിയ്ക്ക് ഉടമ വാടക ഇല്ലാതെ ഓടാൻ അനുവദിക്കുമോ? അങ്ങനെയുള്ള ടാക്സി കുറഞ്ഞ റേറ്റിൽ വാടകയ്ക്ക് ലഭിക്കുമോ? പിന്നെന്തു കൊണ്ടാണ് ഉപഭോക്താവ് യൂട്ടിലിട്ടിയിൽ നിന്നും മീറ്റർ വാടകയ്ക്ക് എടുത്തിട്ട് ചെറിയ വാടക കൊടുക്കുന്നതിൽ ക്രമവിരുദ്ധത കാണുന്നത്?

നിയമാനുസരണം ഉപഭോക്താവിന്റെ അവകാശമാണ് മീറ്റർ വാങ്ങി വയ്ക്കുക എന്നത്. അതിന് വേണ്ട നടപടികൾ സ്വീകരി

ച്ചാൽ തീരുന്ന പ്രശ്നം സങ്കീർണമാക്കി സ്ഥാപിത താൽപര്യത്തിന്റെ പേരിൽ ചിലർ തെറ്റായ പ്രചാരണം നടത്തുന്നത് കഷ്ടം തന്നെ?!.

ഉപഭോക്താവ് സ്വയം മീറ്റർ വാങ്ങിവയ്ക്കാനുള്ള അവകാശം ഉപയോഗിക്കാതിരുന്നാൽ മാത്രമേ യൂട്ടിലിറ്റിക്ക് മീറ്റർ വാങ്ങി വയ്ക്കാനുള്ള അവസരം ഉള്ളൂ. ഈ സാഹചര്യത്തിൽ മീറ്റർ വാടക കൊടുക്കുന്നത് അന്യായം എന്ന വാദത്തിന്എന്ത് ന്യായമാണ് ഉള്ളത്?!

വൈദ്യുത കണക്ഷന്റെ കൂടെ യൂട്ടിലിറ്റി മീറ്ററിന്റെ വില വാങ്ങുന്നു എന്ന ധാരണ ചിലർക്ക് ഉണ്ട് എങ്കിൽ അതും ശരിയല്ല.

വൈദ്യുത കണക്ഷന്റെ കൂടെ മീറ്റർ വില വാങ്ങാൻ പാടില്ല എന്നു തന്നെയാണ് നിയമം.

ഉപഭോക്താവിന്റെ കണക്ഷന് ആവശ്യമായതും പുതിയതായി നിർമ്മിക്കേണ്ടതുമായ ആസ്തിയുടെ വില മാത്രമാണ് ഉപഭോക്താവിൽ നിന്നും വൈദ്യുത കണക്ഷനുവേണ്ടി വാങ്ങുന്നത്. അതും റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച തുക മാത്രം.

(As per Section 46 of the Electricity Act Licensee is entitled to collect reasonable expenditure for providing electric line and electric plant or as per Section 45 & 47, the security and "rent & other charges" for providing electric plant and meter. Thus, for meters, licensee is not entitled to collect the cost but only the "rent & other charges" along with security unless the consumer elects to purchase the meter as specified in section 55 of Electricity Act! As such the cost of consumer metering infrastructure cannot be included in the capital investment plan and should be acted as specified in Section 45 & 47 of the electricity Act!)

താരീഫിനെ സംബന്ധിച്ച്

ഇവിടെ ഇപ്പോൾ വൈദ്യുതിയുടെ ചെറുകിട വിൽപന നടക്കുന്നത് 'Cost-Plus approach" എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ്. അതായത് വൈദ്യുതി വ്യവസായം ജീവനക്ഷമമായി നിലനിർത്താനായി യൂട്ടിലിട്ടിക്ക് സാമ്പത്തിക വർഷം ആകെ ചെലവായ ന്യായമായ തുകയുടെ കൂടെ ഓഹരി മുതൽ മുടക്കിന് ചട്ടപ്രകാരം അനുവദിക്കുന്ന വരുമാനവും കൂടി ഉൾപ്പെടുത്തി, ടി തുക വൈദ്യുത റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച താരിഫിലൂടെ ഉപഭോക്താവിൽ നിന്നും പിരിച്ചെടുക്കുന്നു.

ഇങ്ങനെ താരിഫ് നിശ്ചയിക്കുമ്പോൾ റെഗുലേറ്ററി കമ്മീഷൻ താരിഫിൽ ചില നീക്കുപോക്കുകൾ നടത്താറുണ്ട്. വൈദ്യുതി ഉൽപാദിപ്പിച്ച് അവരിൽ എത്തിക്കാൻ ആവശ്യമായ മുഴുവൻ തുകയും സമൂഹത്തിലെ താഴെ തട്ടിൽ ഉള്ളവർ ഉൾപ്പെടെയുള്ള ചില ഉപഭോക്താക്കളിൽ നിന്നും പൂർണമായി വാങ്ങാതെ ഒരു നിശ്ചിത ശതമാനം തുക അവർക്ക് സബ്സിഡി ആയി അനുവദിക്കുന്നു. എന്നാൽ അങ്ങനെ സബ്സിഡി അനുവദിക്കുന്നത് മൂലം യൂട്ടിലിറ്റിയുടെ അതിജീവനം താറുമാറാകാതിരിക്കാൻ ചില ഉപഭോക്താക്കൾക്ക് ഇങ്ങനെ അനുവദിച്ച സബ്സിഡിക്ക് തുല്യമായ തുക മറ്റ് ചില ഉപഭോക്താക്കളുടെ താരീഫിൽ കൂട്ടി നിശ്ചയിക്കുന്നു. അതുകൊണ്ടാണ് കൃഷിക്കും വീട്ടുപയോഗത്തിനും ചാരിറ്റി സംഘടനകൾക്കും കുറഞ്ഞ താരീഫിൽ ബില്ലു ചെയ്യുമ്പോൾ വ്യവസായത്തിനും കച്ചവടത്തിനും ഉയർന്ന ഉപഭോഗമുള്ള വീടുകൾക്കും കൂടിയ താരീഫിൽ വൈദ്യുതി ചാർജ്ജ് വാങ്ങേണ്ടിവരുന്നത്. ഇങ്ങനെ ചില ഉപഭോക്താക്കളിൽ നിന്നും കൂടുതൽ തുക ഈടാക്കി മറ്റു ചില ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന പരിപാടിക്കാണ് ക്രോസ് സബ്സിഡി എന്നു പറയുന്നത്.

വൈദ്യുതി വ്യവസായത്തെ കാലാനുസൃതമായും കാര്യക്ഷമമായും ജീവനക്ഷമമായും നടത്തിക്കൊണ്ടു പോകാനും വ്യവസായത്തിൽ മുതൽ മുടക്കുന്നവർക്ക് ന്യായമായ വരുമാനം ഉറപ്പാക്കാനും പറ്റിയ ഒരു താരിഫ് ഘടനയായി ഉരുത്തിരിഞ്ഞു വന്നതാണ് two - part tariff ഘടന.

Two-part tariff എന്നത് വൈദ്യുതി മേഖലയുടെ ബില്ലിങ്ങിനായി ശിപാർശ ചെയ്യപ്പെട്ട സർക്കാർ പോളിസിയും നിലവിലെ ചട്ടവുമാണ്. അതായത് ആസ്തി ചെലവിന് ആനുപാതികമായി fixed charge ഉം വൈദ്യുതിയുടെ ഉൽപാദനച്ചെലവിന് (including fuel cost) അനുപാതികമായി variable charge ഉം നിശ്ചയിച്ച് ഉപഭോക്താവിൽ നിന്നും വൈദ്യുതിയുടെ ഉല്പാദനത്തിനും, ടി വൈദ്യുതി ഉപഭോക്താവിൽ എത്തിക്കാനും വേണ്ടി ചെലവാകുന്ന തുകക്ക് ആനുപാതികമായി ന്യായമായ വൈദ്യുതി ചാർജ് ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന താരിഫ് ഘടന.

Two-Part tariff നല്ലത് എന്നു കണ്ട് രാജ്യത്തെ സർക്കാറുകൾ അംഗീകരിച്ച പോളിസി പ്രകാരം വൈദ്യുത റെഗുലേറ്ററി കമ്മീഷൻ അവരുടെ നടപടിക്രമങ്ങളിലൂടെ ബന്ധപ്പെട്ട താരിഫ് തീരുമാനിച്ച ശേഷം ഇറക്കുന്ന താരിഫ് ഉത്തരവിൽ പറയും പ്രകാരമാണ് യൂട്ടിലിറ്റി ഒരു ഉപഭോക്താവിന്റെ താരിഫ് നിശ്ചയിക്കുന്നത്. അല്ലാതെ വൈദ്യുതി യൂട്ടിലിറ്റിയുടെ സ്വന്തം ഇഷ്ടപ്രകാരം എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അല്ല ഒരു ഉപഭോക്താവിന്റെ താരീഫ് ഘടന നിശ്ചയിക്കപ്പെടുന്നത്.

ഇനി ഫിക്സഡ് ചാർജ് ഇല്ലാത്ത സാഹചര്യത്തിൽ എന്തു സംഭവിക്കാം എന്ന് നോക്കുന്നതും നല്ലതാണ്. വലിയ demand ആവശ്യകതയുള്ള ഉപഭോക്താക്കൾ നിലവിലെയും ഭാവിയിലെയും സ്വന്തം ആവശ്യത്തിന് വേണ്ടി യുക്തിസഹമല്ലാത്ത അളവിൽ infra-structure ബുക്ക് ചെയ്ത് സ്വന്തം കസ്റ്റഡിയിൽ ആക്കി ചെറിയ അളവിൽ മാത്രം വൈദ്യുത ഉപഭോഗം നടത്തിയാൽ ആസ്തി നിർമാണത്തിൽ അവർ വഹിക്കേണ്ട ന്യായമായ ബാദ്ധ്യത പോലും കുറഞ്ഞ ഉപഭോഗക്കാരായ സാധാരണക്കാരിലേക്ക് cost-plus തത്ത്വം പ്രകാരം സംവഹിക്കപ്പെടുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെടുക എന്നത് ഇവിടെ വ്യക്തമല്ലേ? വൈദ്യുതിയുടെ ശരാശരി ഉൽപാദന വിലയും വൈദ്യുതി ഉപഭോക്താവിൽ എത്തുന്നതിന് ഉണ്ടാക്കേണ്ട ആസ്തിയുടെ ചെലവും ഏകദേശം തുല്യമാണ് എന്ന കാര്യവും ഇവിടെ പ്രസക്തമാണ്. ഇവയൊക്കെ മനസ്സിലാക്കുന്നതും അറിയുന്നതും താരിഫ് ഘടനയെ സംബന്ധിച്ച വസ്തുതകൾ സംതുലിതാവസ്ഥയിൽ ഗ്രഹിക്കുവാൻ അത്യാവശ്യവുമാണ്.

ഒറീസയിൽനിന്നും ഹിമാചൽ പ്രദേശിൽ നിന്നും ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽ നിന്നുമൊക്കെ വൈദ്യുതി വാങ്ങുമ്പോൾ അത് ഉപഭോക്താവിന്റെ മീറ്ററിൽ എത്തുന്നത് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ പ്രസരണ വിതരണ ശൃംഖലയുടെയും അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെയും മുൻകൂട്ടി ബുക്ക്ചെയ്ത് വാങ്ങിയ പ്രസരണ–വിതരണ കോറിഡോറിലൂടെ ആണ് എന്നതും ആ കോറിഡോറിന് വേണ്ടി നിശ്ചിത തുക കൊണ്ടുവരുന്ന വൈദ്യുതിയുടെ അളവ് നോക്കാതെതന്നെ നൽകണം എന്നതും ഇത്തരുണത്തിൽ അറിയേണ്ടതാണ്. മാത്രവുമല്ല, അവർക്ക് കൊടുക്കേണ്ട ചെലവ് കേരളത്തിന് വേണ്ടി ബുക്ക് ചെയ്ത് റിസേർവ് ചെയ്തിട്ടിരിക്കുന്ന പ്രസരണ വിതരണ കോറിഡോറിന്റെ പൂർണമായ തുകയാണ് എന്നതും ഇവിടെ പ്രസക്തമാണ്. യൂട്ടിലിറ്റിയുടെ ഉപഭോക്താവിന്റെ ഉപഭോഗം കുറഞ്ഞതുകൊണ്ട് കുറച്ചു വൈദ്യുതി വേണ്ട എന്ന് തീരുമാനിച്ച് കുറഞ്ഞ അളവിൽ വൈദ്യുതി കൊണ്ടുവന്നാലും യൂട്ടിലിറ്റിക്കായി reserve

ചെയ്ത കോറിഡോറിന്റെ തുക പൂർണ്ണമായും തന്നെ ബന്ധപ്പെട്ട സ്റ്റേറ്റ് യൂട്ടിലിറ്റിക്കും അന്തർ സംസ്ഥാന പ്രസരണ ലൈനിന്റെ അധികാരിക്കും കൊടുക്കേണ്ടതാണ് എന്നും മനസ്സിലാക്കുന്നത് നല്ലതാണ്.

ഇതേ മാനദണ്ഡം ഇതുപോലെ തന്നെ fixed ചാർജിന്റെ കാര്യത്തിൽ പൂർണ്ണമായും വൈദ്യുത ചാർജിന്റെ (variable cost) കാര്യത്തിൽ ഭാഗികമായും ഉൽപാദനക്കമ്പനിയ്ക്കു കൊടുക്കേണ്ടുന്ന തുകയിലും ബാധകമാണ് എന്നതും ഇവിടെ പ്രസക്തമാണ്. വിതരണ യൂട്ടിലിറ്റിയുടെ ഉപഭോക്താവിന് വൈദ്യുതി ആവശ്യമില്ലാത്തതിനാൽ കുറച്ചു വൈദ്യുതി മതി എന്ന് പറഞ്ഞാൽ fixed charge ൽ ഒരു കുറവും ലഭിക്കില്ല എന്നതാണ് നിയമം. Variable charge (വൈദ്യുത ചാർജ്) കുറഞ്ഞു കിട്ടണം എങ്കിൽ പോലും വേണ്ടത്ര മുൻകൂട്ടി രേഖാപൂർവമായ അറിയിപ്പ് വേണം എന്നു മാത്രമല്ല അത്രയും അളവ് വൈദ്യുതി കുറച്ചു ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക സാഹചര്യമോ, ഒരു യൂട്ടിലിറ്റി വേണ്ട എന്നു പറഞ്ഞ് വൈദ്യുതി വാങ്ങാൻ മറ്റൊരു യൂട്ടിലിറ്റി തയ്യാർ എന്ന സാഹചര്യമോ ഉണ്ട് എങ്കിൽ മാത്രമേ variable ചാർജ്ജ് പോലും കുറച്ചു കിട്ടുകയുള്ളൂ എന്നതാണ് നിലവിലെ ABT- tariff (Availability Based Tariff)-ന്റെ അന്തസത്ത.

KSEBL അന്യ സംസ്ഥാനങ്ങളിലെ വൈദ്യുതി വാങ്ങുന്ന വകയിൽ fixed charge ഇനത്തിൽ വൈദ്യുതി ഉൽപാദകർക്ക് പ്രതിമാസം ശരാശരി 260 കോടി രൂപയും അങ്ങനെ വാങ്ങിയ വൈദ്യുതി കേരളത്തിൽ എത്തിക്കുവാൻ അന്തർ സംസ്ഥാന പ്രസരണ ശൃംഖല ഉപയോഗിക്കുന്ന വകയിൽ fixed charge ആയി ശരാശരി 80 കോടി രൂപയും സഹിതം ശരാശരി 360 കോടി രൂപ പ്രതിമാസം ചെലവിടുന്നുണ്ട് എന്ന വസ്തുതയും ഇത്തരുണത്തിൽ പ്രസക്തമാണ്.

സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയ്ക്കുവേണ്ടി പണിത കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും തുക രോഗിയിൽ നിന്നല്ലാതെ സർക്കാരിൽ നിന്നു വാങ്ങാനാകുമോ? അതുപോലെ തന്നെയാണ് വൈദ്യുത യൂട്ടിലിറ്റിയും കാര്യങ്ങൾ നടത്തുന്നത്. സർക്കാരുകൾ മുതൽമുടക്കാത്ത മുഴുവൻ ആസ്തിയുടെയും ബാധ്യത യൂട്ടിലിറ്റിക്ക് ഉപഭോക്താവിൽ നിന്നല്ലാതെ ആരിൽ നിന്നാണ് വസൂലാക്കാൻ ആവുക? ഒന്ന് സ്കാൻ ചെയ്യാൻ ബന്ധപ്പെട്ട സ്ഥാപനം വാങ്ങുന്ന തുക അവർ തരം തിരിച്ചു കാണിക്കാത്തതു കൊണ്ട് കസ്റ്റമർ അറിയുന്നില്ല എങ്കിൽ അത് കസ്റ്റമറുടെ അറിവില്ലായ്മ മാത്രം. പക്ഷേ അറിവില്ലായ്മ അലങ്കാരമാക്കുന്നത് ഭൂഷണമല്ലല്ലോ.

വൈദ്യുതിയുടെ കാര്യത്തിൽ ഫിക്സഡ് ചാർജും മീറ്റർ വാടകയും പ്രത്യേകം വേണ്ട എന്നും അത് വൈദ്യുത ഉപഭോഗത്തിന് അനുസരിച്ചുള്ള ബില്ലിൽ ചേർത്ത് വാങ്ങിയാൽ മതി എന്നും ഒരാൾക്ക് അഭിപ്രായം ഉണ്ട് എങ്കിൽ അത് പറയേണ്ടത് തെരഞ്ഞെടുത്ത് വിടുന്ന ജനപ്രതിനിധികളോടും നാട്ടിലെ സർക്കാരിനോടും നിയമങ്ങൾ ഉണ്ടാക്കുന്നവരോടും ആണ്.

രാജ്യത്തിന്റെ ഭാവിക്കും വൈദ്യുത മേഖലയുടെ കാര്യക്ഷമതയ്ക്കും നല്ലത് എന്നു തോന്നുന്ന നിയമങ്ങളും നയങ്ങളും ചട്ടങ്ങളും ഉണ്ടാക്കി രാജ്യത്തെ മുഴുവൻ യൂട്ടിലിറ്റികളും പിൻതുടരുന്ന tariff ചട്ടങ്ങൾ ഏതാനും പേരുടെ അഭിപ്രായം കണക്കിലെടുത്ത് മാറ്റണമെന്നു ചിലർ പറയുന്നത് അവരുടെ അറിവില്ലായ്മ കൊണ്ടോ സ്ഥാപിത താല്പര്യം കൊണ്ടോ എന്നതു വ്യക്തം. ഇനിയും നിലവിലെ താരിഫ് ഘടനയെ സംബന്ധിച്ച് പരാതി എങ്കിൽ റെഗുലേറ്ററി കമ്മീഷന്റെ പൊതുജന തെളിവെടുപ്പിൽ വന്നു കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിക്കാം! അതിനും പുറമെ രാജ്യത്തെ ജനപ്രതിനിധികളോടും സർക്കാരുകളോടും പ്രശ്നങ്ങൾ പറയുക. അടുത്ത വൈദ്യുത നിയമ ഭേദഗതി

WORK- LIFE BALANCE

Er. Chandran pillai G.
Deputy Chief engineer (Rtd.)

While I was in Ottawa, a Canadian couple, Joe and Mary, lived in an adjacent apartment. They had a new born baby. Joe worked in a Law firm and Mary was working as a secretary in a Finance company. Since they were not in high-level salaries, neither of them could afford to lose their jobs by taking long leave to look after the child. Working remotely was not in vogue. With their limited income, they were also not able to provide child care facility which was highly expensive. With the birth of nuclear family such situations are witnessed all over the world derailing work-life balance.

You may now ask, "Why are so many women with children working?". Economic necessity and higher cost of living force women to work in paid jobs. Certainly, some women work outside the home because they find their jobs highly fulfilling and rewarding.

Take a moment to reflect on your family life. You are likely thinking of your spouse, children, parents, siblings and other close relatives. Now think of your job getting in the way of your personal life. What if you didn't have time to spend with your children on their birth days? What if you didn't have time to visit your ailing hospitalized parents? How would you feel if your personal life is completely dominated by your professional life?

Personality type, workplace bullying, workplace mobbing and technologically blurred boundaries can trigger work-life

---

പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കാൻ ആവശ്യപ്പെടുക. അല്ലാതെ മറ്റു വഴി കാണുന്നില്ല.

കേന്ദ്രസർക്കാരിന്റെ മുൻകൈയ്യോടെ നടത്തപ്പെടുന്ന പുതിയ പദ്ധതിയായ pre paid smart meter ഉൾപെടുന്ന Advanced Metering Infrastructure (AMI) ഉം Revamped Distribution Sector Scheme (RDSS) ഉം വരുമ്പോൾ കാര്യങ്ങൾ കൂടുതൽ സുതാര്യമാകുകയും ബില്ലിങ്ങിനെയും താരിഫിനെയും പറ്റി കൂടുതൽ കൃത്യമായും വ്യക്തമായും മനസ്സിലാക്കാൻ ഉപഭോക്താക്കൾക്ക് അവസരം ലഭിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ചുരുക്കത്തിൽ പറഞ്ഞാൽ വൈദ്യുത മേഖലയിൽ അടിസ്ഥാനപരമായി കാര്യങ്ങൾ എങ്ങനെ നടക്കുന്നു എന്നത് കൃത്യമായി മനസ്സിലാക്കാതെ വെറുതെ എന്തെങ്കിലും പറഞ്ഞു ജനത്തെയും ഉപഭോക്താക്കളെയും വഴി തെറ്റിക്കുന്നത് മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഒട്ടും സഹായകമല്ല എന്ന് പൊതുജനങ്ങളും അഭ്യുദയകാംക്ഷികളും മനസ്സിലാക്കുന്നത് നല്ലതാണ്.

imbalance. If you have Type A personality, you can be highly stressed and aggressive. To maintain a competitive edge in a professional world full of people who breathe, eat and sleep work, you will have a tendency to live your life out of balance. Workplace bullying has a direct impact on work-life balance that causes embarrassment, humiliation and stress. Mobbing is a group attack on an employee while bullying is an attack by a single individual resulting in discrediting and loss of reputation. Technologically blurred boundaries also trigger work-life imbalance. E-mails, text messages, voice mails and other forms of technology have increased work related tasks. Think of a boss who sends numerous e mails starting at 11.00 pm and communicating till the wee hours!

In the cases of women, when they entered the workforce, all their former duties in the home and for the family didn't disappear. When women increased their financial contributions, men didn't necessarily increase their domestic contributions as they fail to do their share of housework. With the spread of Covid-19 virus, work at home has become a practice. Because she was home all day, her husband and relatives would ask her to run errands for them. Work life and home life have blurred into one big blob with no down time for her to relax. Top management failure to address work and family pressures restrains millions of women every day, not only from rising and leading, but also from blending a satisfying career with a healthy partnership and motherhood.

Saying the art of saying "no" tactfully and developing EI (Emotional Intelligence) and time management skills will help you tackle the challenges connected with work-life disconnect. The Personal Digital Assistant (PDA) is expected to help professionals managing work-life boundaries. Use your professional email address for work related communications only. Taking vacation reduces stress and burnout. Taking calls, checking emails and conducting meetings via teleconference is not a vacation. Spouse's support is necessary for a conflict free life.

We are now witnessing a population explosion of solos- people who live alone outside a family. Many deliberately choose it at least for a time. My New York friend has an employed daughter who lives alone in a separate apartment. I once asked her, "Why are you still living alone, not getting married?".She quickly replied, "I am afraid I wouldn't be able to blend my satisfying career with a healthy partnership". Creating and nurturing families is a source of stress for so many!

Another significant phenomenon is the increase of young couples consciously choosing a child-free life style. Worried about how they will manage it all, many couples are choosing not to have children. A modestly affluent Kerala couple says, "*We don't think we will have children. They would drastically alter our way of life. We are used to our life style the way it is*".

We need a can-do sense of optimism and a must-do sense of responsibility.

The NTPC at Kayamkulam

Er. Gopalakrishnan R.
Retd. Member (Electrical) KSEB

It is an irony that the giant and prestigious Thermal plant at Kayamkulam is being kept idle as the fuel naphtha used in the plant being expensive and hence the generation of electricity is uneconomical. It is learnt that more than 18,000T of naphtha is still available in the stock. The naphtha being primarily intended for manufacture of fertilizers can be resold to the FACT Alwaye for its best utilization. It is still unknown why the NTPC is not trying to get the cheaper LNG from the nearby Cochin LNG terminals for its power generation. The gas pipeline can be extended easily from Cochin to Kayamkulam and the plant can be operated more economically using the gas.

The NTPC can operate the plant using the gas in two ways.

1. As conventional steam power plant using gas as fuel.
2. As gas turbo-alternators with combined cycle steam turbo alternator utilizing waste heat energy.

The NTPC should take the decision on this policy.

The conventional steam power plant is more suited to Kayamkulam considering the following reasons.

- Construction of a giant reservoir to harvest rain water and to store water.

Being the extensive paddy field, it is easier to construct the requisite size of storage reservoir for rainwater harvesting. The storage water will be sufficient to replenish the feedwater into the boiler.

- Preheating the feed water using giant solar water heaters.

Being the extensive paddy field, solar water heaters can be erected conveniently to any extent so that the feed water can be heated up to 70 degree C. The gas fuel can be saved much in this way. The boiler can heat the preheated (70 degree C) feedwater to raise the steam to the required super-heat level.

I do hope that the Kerala Govt. and the KSEB will take the initiative urgently to extend the LNG pipeline upto the plant and take over the plant on lease for 50 years for operation to our best advantage lest the plant should be sold to any of the industrial giants in the near future. (In lieu of the Thiruvananthapuram International Airport lost to us.)

നാടുനന്നാകാൻ - 3

കുറ്റകൃത്യങ്ങളുടെ നാൾവഴികൾ

Er. ഇ.എം. നസീർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

കുറ്റകൃത്യങ്ങൾ പെരുകുന്നതിന്റെ ഉത്തരവാദിത്വം കൂടുതലായും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കാണെന്ന കാര്യം കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചിരുന്നതാണല്ലോ. മതം രാഷ്ട്രീയവുമായി കൂടിക്കലർന്നപ്പോൾ കുറ്റകൃത്യങ്ങളുടെ തീവ്രതയും വ്യാപ്തിയും വർദ്ധിക്കുകയാണുണ്ടായത്. രക്തദാഹത്തിന്റെ വൻ വർദ്ധനവ്. കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ രാഷ്ട്രീയ സ്വാധീനമുള്ളവരാണ് കുറ്റവാളികളെങ്കിൽ അവരെ നിയമത്തിനു മുന്നിൽ കൊണ്ടു വരുന്നതിനു പകരം കുറ്റവിമുക്തരാകാൻ കരുക്കൾ നീക്കുക എന്നതാവും പലപ്പോഴും ക്രമസമാധാന പാലകരിൽ അർപ്പിക്കപ്പെടുന്ന ദൗത്യം. രാഷ്ട്രീയ ഇടപെടലുകൾ ആ വിധത്തിലാകും നടക്കുക. പുറമെ കീരിയും പാമ്പും കളിച്ച് ബദ്ധശത്രുക്കളായി അഭിനയം കൊഴുപ്പിക്കുന്ന രാഷ്ട്രീയക്കാർ പരോക്ഷമായി ഒട്ടുമിക്കവാറും കേസ്സുകളിലൂടെ വൻ ലാഭം കൊയ്യുന്നവരാണ്. അവരുടെ ആവശ്യങ്ങൾക്കൊത്ത് മാറി മാറി നിൽക്കുന്നവരാണ് ഗുണ്ടകൾ. രാഷ്ട്രീയക്കാരുടെ ഗുണ്ടാ സേനകളിലംഗങ്ങളായാൽ നേട്ടങ്ങൾ ഏറെയാണ്. അതിനാൽ ഈ തൊഴിലുപേക്ഷിക്കാൻ അവർ തയാറുമല്ല.

കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കെതിരെ നടപടിയെടുക്കുന്ന സത്യസന്ധരും നീതിബോധമുള്ളവരും ധീരരുമായ പോലീസ് ഉദ്യോഗസ്ഥരാകും കുറ്റവാളികളെക്കാൾ ഭയക്കേണ്ടിവരിക. ഗുണ്ടകളിൽ നിന്നുള്ള ഭീഷണിയും ആക്രമണവും ഇവർ നേരിടേണ്ടതായി വരും. ഒപ്പം ഭരണ വർഗ്ഗത്തിന്റെ പകപോക്കലും അധികാരത്തിന്റെ അഹങ്കാരധാർഷ്ട്യവും അണപൊട്ടിയൊഴുകും. രാഷ്ട്രീയത്തിലെ എതിർചേരിക്കാർ പോലീസിന് വ്യാജധൈര്യം നൽകുമെന്നല്ലാതെ മറ്റൊന്നും സംഭവിക്കാറില്ല. രാഷ്ട്രീയ രംഗത്തെ ആദർശ ശുദ്ധിയുള്ളവരെന്നറിയപ്പെടുന്നവരുടെ സിംഹഗർജ്ജനങ്ങൾക്ക് കിളിയൊച്ചയുടെ വിലപോലും കാണില്ല. എല്ലാപേരും കൂടി നാടകം കളിച്ച് ഉദ്യോഗസ്ഥരെ ബലിയാടുകളാക്കി വരുന്നു.

കുറ്റവാളികളെ രക്ഷപ്പെടുത്തേണ്ടതിന്റെ ഭാഗമായി ഒട്ടനവധി കള്ളക്കളികളും ഒത്തുകളികളും ക്രമസമാധാന പാലകർ നടത്തേണ്ടതായി വരും. വേണ്ട രീതിയിൽ കേസന്വേഷണം നടത്താതിരിക്കുക, കുറ്റവാളികൾക്കെതിരെ ദുർബലമായ വകുപ്പുകൾ മാത്രം ചുമത്തുക, കുറ്റമറ്റ രീതിയിൽ തെളിവുകൾ ശേഖരിക്കാതിരിക്കുക, പ്രതികൾക്ക് സംശയത്തിന്റെ ആനുകൂല്യം ലഭ്യമാകും വിധം കേസ്സുകളിൽ തിരിമറികൾ നടത്തുക തുടങ്ങിയവയൊക്കെ ഇത്തരം കള്ളക്കളികളുടെ ഭാഗമാണ്.

കോടതികളെ പുകഴ്ത്തിപ്പറയുന്ന രാഷ്ട്രീയക്കാർ പലപ്പോഴും അവയെ നോക്കുകുത്തി

കളാക്കാനുതകും വിധമുള്ള കരുക്കളാണ് ഉദ്യോഗസ്ഥരെക്കൊണ്ട് ചെയ്യിക്കുന്നത്. കേസ്സുകൾ കോടതികളിലെത്തിയാൽ പ്രോസിക്യൂഷൻ ദുർബലമായിപ്പോയാൽ പ്രതിഭാഗം വക്കീലന്മാർക്ക് കാര്യങ്ങൾ ഏളുപ്പ മാകും. ന്യായമില്ലാത്ത നിയമങ്ങളും നീതി യ്ക്കു നിരക്കാത്ത നടപടിക്രമങ്ങളും കുറ്റവാളികൾക്ക് വലിയ അനുഗ്രഹമാകുന്നു.

ഉദ്ദേശിച്ചപോലെ കാര്യങ്ങൾ നടക്കാതെ പോയാൽ ചോദിക്കാനും പറയാനും ആരുമില്ലാത്ത നിരപരാധികളെ കള്ളകേസ്സുകളിൽ കുടുക്കി വ്യാജതെളിവുകളുണ്ടാക്കി ശിക്ഷ ഉറപ്പാക്കി യഥാർത്ഥ കുറ്റവാളികളെ കുറ്റവിമുക്തരാക്കുന്ന സംഭവങ്ങളും കുറച്ചൊന്നുമല്ല.

വളരെക്കാലം മുമ്പ് രാഷ്ട്രീയ ഗുണ്ടായിസം നന്നേ കുറവായിരുന്നു. ചില പ്രസ്ഥാനങ്ങൾ അത് തുടങ്ങിവച്ച് അതിശക്തമായി തുടർന്നപ്പോൾ അതിനെ പ്രതിരോധിക്കാൻ മറ്റുള്ളവർക്കും ഗുണ്ടാസംരക്ഷണം അനിവാര്യമായത് കാര്യങ്ങൾ വഷളാക്കുകയാണുണ്ടായത്. ചേകവന്മാരെ ഒഴിവാക്കി അണികളെക്കൊണ്ട് അങ്കം വെട്ടിക്കുന്ന പോരാട്ട രീതി വർഗ്ഗീയ കലാപങ്ങളുമായി ബന്ധപ്പെട്ട് പിന്നീടുണ്ടായി. അത്തരം കലാപങ്ങളുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായുള്ള പരീക്ഷണ പരിശീലനങ്ങളാണ് ഇടയ്ക്കിടെ അങ്ങിങ്ങായി കാണാറുള്ള വൻകിട കുറ്റവാളികളുടെ ഒത്താശകളോടെയുള്ള മനുഷ്യക്കുരുതികൾ.

കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം, വ്യാജമദ്യം, മയക്കുമരുന്ന്, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, മായം ചേർക്കൽ, മനുഷ്യരുടെ ആന്തരികാവയവങ്ങൾ അടിച്ചുമാറ്റൽ, അനാശാസ്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കൊള്ള ലാഭം, കള്ളനോട്ട്, കള്ളപ്പണം, കള്ളക്കടത്ത്, കൊള്ള, കവർച്ച, തട്ടിക്കൊ ണ്ട്പോകൽ, കൊലപാതകം, സദാചാര പോലീസ് ചമയൽ, അന്യസമുദായ സംഹാരം, വർഗ്ഗീയ വിദ്വേഷം വളർത്തൽ, തുടങ്ങിയ കുറ്റകൃത്യങ്ങൾ പല ഉന്നതരുടെയും കർമ്മ പരിപാടികളിലെ മുഖ്യ ഇനങ്ങളുമാണ്.

ഗുണ്ടകളെ രാഷ്ട്രീയക്കാർ മാത്രമല്ല പ്രയോജനപ്പെടുത്തിവരുന്നത്. വൻകിട ബിസിനസ്സുകാർ, അതിസമ്പന്നർ, വ്യവസായികൾ തുടങ്ങി പലരും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ ഗുണ്ടാസേവനം തേടുന്നു. പ്രതിയോഗികളെ വകവരുത്താനും പലരും ആശ്രയിക്കുന്നത് ഗുണ്ടകളെയാണ്. വളരെ വിരളമായിട്ടാണെങ്കിലും, സാധാരണക്കാർവരെ തർക്കങ്ങളിൽ ന്യായമായ, കാലതാമസമില്ലാത്ത, ചെലവു കുറഞ്ഞ രീതിയിലുള്ള പരിഹാരത്തിനായി ഗുണ്ടകളുടെ സഹായം തേടിവരുന്നു. ഇതൊക്കെ സൂചിപ്പിക്കുന്നത് ക്രമസമാധാന പാലനത്തിന്റെയും നീതിന്യായ വ്യവസ്ഥയുടെയും പരാജയത്തെയാണ്. ഗൾഫുനാടുകളിൽ ഇത്തരമൊരവസ്ഥാവിശേഷമില്ലാത്തത് അവിടെ ജനങ്ങളോട് പ്രതിബദ്ധതയുള്ള ഭരണാധികാരികളുള്ളതുകൊണ്ടാണ്.

അധികാര ദുർമോഹികളെയും അനധികൃത സ്വത്തുസമ്പാദകരെയും ക്രിമിനലുകളെയും തിരിച്ചറിയുന്നവരാണ് പൊതു സമൂഹത്തിലുള്ളത്. ജനാധിപത്യമാർഗ്ഗങ്ങളിലൂടെഇവരെ ഒറ്റപ്പെടുത്തി തിരസ്കരിച്ച് പൊതു സമൂഹത്തിൽ നിന്ന് ഒഴിവാക്കാവുന്നതേയുള്ളു. നിർഭാഗ്യവശാൽ അത് നടക്കുന്നില്ല.

സുഭാഷിതം

പ്രാർത്ഥന

Er. കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

വിശ്വാസത്തോടെയുള്ള പ്രാർത്ഥന മനുഷ്യന് കരുത്തേകി ജീവിതത്തിൽ മുന്നേറാൻ സഹായിക്കുന്നു. ഏത് കർമ്മരംഗമാണെങ്കിലും താൻ വിശ്വസിക്കുന്ന ശക്തിയെ മനസ്സറിഞ്ഞ് പ്രാർത്ഥിക്കുന്നവന് ജീവിത പന്ഥാവിലെ സർവ്വ തടസ്സങ്ങളും തരണം ചെയ്ത് മുന്നേറാൻ സാധിക്കുമെന്ന് പലരുടെയും അനുഭവം സാക്ഷ്യപ്പെടുത്തും.

ഇതാ ഒരു ഡോക്ടറുടെ അനുഭവ കുറിപ്പ് ...

കാൻസർ ചികിത്സാ രംഗത്തെ പ്രഗത്ഭനായ ഡോക്ടർ. കാൻസർ രോഗത്തിന്റെ അവസാന വാക്കിനുടമ; ഒരിക്കൽ അദ്ദേഹത്തിന് വളരെ പ്രധാനപ്പെട്ട ഒരു സമ്മേളനത്തിൽ പങ്കെടുക്കേണ്ടതായി വന്നു. മണിക്കൂറുകൾ വിമാന യാത്ര ചെയ്താലെ സമ്മേളന സ്ഥലത്തെത്താൻ സാധിക്കുകയുള്ളു. എങ്കിലും ഡോക്ടർ പോകാൻ തീരുമാനിച്ചു. കാരണം, കാൻസർ ചികിത്സാ രംഗത്തെ കണ്ടെത്തലിനെ അംഗീകരിച്ച് പുരസ്ക്കാരം നൽകി ആ സമ്മേളനത്തിൽ വെച്ച് അദ്ദേഹത്തെ ആദരിക്കുന്നു. തന്റെ കഠിന പ്രയത്നത്തിനുള്ള അംഗീകാരമാണ് സ്വീകരിക്കാൻ പോകുന്നത്. വിമാനത്തിൽ യാത്ര ചെയ്തു കൊണ്ടിരിക്കയാണെങ്കിലും ചടങ്ങിന് കൃത്യ സമയത്ത് എത്തുമോ എന്ന ആശങ്കയിലാണ്. മണിക്കൂറുകൾ പറന്നപ്പോൾ സാങ്കേതിക കാരണങ്ങളാൽ വിമാനം അടുത്ത എയർ പോർട്ടിൽ അടിയന്തിരമായി ഇറക്കേണ്ടിവന്നു. പുരസ്ക്കാരം സ്വീകരിക്കാൻ സാധിക്കാതെ വരുമോ എന്ന് അദ്ദേഹം ഭയപ്പെട്ടു. വിമാനമിറങ്ങി അന്വേഷണ കൗണ്ടറിലേക്കോടി. തനിക്കെത്തേണ്ട സ്ഥലത്തേക്ക് ഇനി പത്ത് മണിക്കൂറിന് ശേഷമേ വിമാനമുള്ളു എന്ന വിവരം അദ്ദേഹത്തെ നിരാശനാക്കി. എങ്കിലും കൗണ്ടറിലുള്ള ഉദ്യോഗസ്ഥ വേറൊരു വഴി നിർദ്ദേശിച്ചു. പുറത്തിറങ്ങിയാൽ കാറ് വാടകക്ക് ലഭിക്കും. നാലു മണിക്കൂർ കൊണ്ട് സ്വയം ഡ്രൈവ് ചെയ്ത് സമ്മേളന സ്ഥലത്തെത്താം. സമയം പാഴാക്കിയില്ല; വാടകയ്ക്ക് കാറെടുത്ത് സ്വയം ഡ്രൈവ് ചെയ്ത് യാത്ര തുടർന്നു. കുറച്ച് ദൂരം പിന്നിട്ടപ്പോൾ കാലാവസ്ഥ വഷളായി. ശക്തമായ കാറ്റും മഴയും. വഴി തെറ്റി; തെറ്റിയ വഴിയിലൂടെ മണിക്കൂറുകൾ പിന്നിട്ടു. സമയം സന്ധ്യ കഴിഞ്ഞു; ഇരുൾ പരന്നു. പ്രതികൂല കാലാവസ്ഥയിൽ അറിയാത്ത വഴിയിലൂടെ നിരാശനായി തനിച്ച് ഡ്രൈവ് ചെയ്തു കൊണ്ടിരുന്ന ഡോക്ടർ വിശപ്പും ദാഹവും കൊണ്ട് ക്ഷീണിച്ച് അവശനായിരുന്നു. വഴിയിൽ ആരേയും കാണുന്നില്ല. കുറച്ചുകൂടി മുന്നോട്ട് പോയപ്പോൾ റോഡിൽ നിന്ന് മാറി ചെറിയൊരു പ്രകാശം കണ്ടു. കാർനിർത്തി. മഴ നനഞ്ഞ് വിറയിക്കുന്നുണ്ട്. പ്രകാശം കണ്ട ദിക്കിനെ ലക്ഷ്യമാക്കി നടന്നു. അത് ഒരു കുടിലായിരുന്നു. പ്രതീക്ഷയോടെ വാതിലിന് മുട്ടി. ഒരു സുന്ദരി വാതിൽ തുറന്നു. ഡോക്ടർ തന്റെ കഥ ചുരുക്കി പറഞ്ഞു. ഒരു ഫോൺ കിട്ടിയിരുന്നെങ്കിൽ ഉപകാരമാ

യിരുന്നു. അവിടെ ഫോണോ മറ്റെന്തെങ്കിലും ഇലക്ട്രോണിക് ഉപകരണമോ ഇല്ലെന്നവര റിയിച്ചു. എങ്കിലും കടന്നകത്തിരിക്കാൻ അഭ്യർത്ഥിച്ചു. കാലാവസ്ഥ നന്നായാൽ പോയാൽ മതിയെന്ന് അഭിപ്രായപ്പെട്ടു. വിശപ്പും ദാഹവും കൊണ്ട് അവശനായ ഡോക്ടർക്ക് അവർ പറയുന്നതനുസരിക്കുക മാത്രമേ നിവർത്തിയുണ്ടായിരുന്നുള്ളു.

അവർ ചൂട് ചായയും ബിസ്കറ്റും നൽകി. ഡോക്ടർ ചായ കുടിക്കുന്നതിനിടയിൽ അവർ പറഞ്ഞു. 'ഞാൻ പ്രാർത്ഥിക്കാൻ പോവുകയാണ്. താങ്കൾക്കും പ്രാർത്ഥനയിൽ പങ്കെടുക്കാം.''ഇല്ല. എനിക്കതിലൊന്നും വിശ്വാസമില്ല. നിങ്ങൾക്ക് പോയി പ്രാർത്ഥിക്കാം'. ചിരിച്ചുകൊണ്ട് ഡോക്ടർ അറിയിച്ചു. ചായ നുണഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ സ്ത്രീ എന്താണ് ചെയ്യുന്നതെന്നദ്ദേഹം ശ്രദ്ധിച്ചു. മങ്ങിയ മെഴുകുതിരി വെളിച്ചത്തിൽ അവർ പ്രാർത്ഥിക്കുന്നു. തൊട്ടടുത്ത് തൊട്ടിലിൽ കിടക്കുന്നത് തന്റെ മകനാണ്. അവന് അപൂർവ്വ ഇനത്തിൽ പെട്ട കാൻസർ പിടിപെട്ടിരിക്കുകയാണ്. ലോകത്തിൽ ഒരു ഡോക്ടർക്ക് മാത്രമേ എന്റെ കുഞ്ഞിനെ രക്ഷിക്കാനാവൂ. അവർ ഡോക്ടറുടെ പേര് പറഞ്ഞു. എന്നാൽ, ആ ഡോക്ടർക്ക് ഫീസ് നൽകുവാൻ എന്റെ കയ്യിൽ പണമില്ല. മാത്രവുമല്ല, അവർ ഈ നാട്ടിലൊന്നുമല്ല; ഏതോ പട്ടണത്തിലാണ്. എന്റെ പ്രാർത്ഥനക്ക് ദൈവം ഇതുവരെ മറുപടിയൊന്നും പറഞ്ഞില്ല. എങ്കിലും എന്തെങ്കിലും ഒരു വഴി ദൈവം കണ്ടുവെച്ചിട്ടുണ്ടാകും എന്നവിശ്വാസത്തിൽ ഭയത്തിനടിമയാകാതെ പ്രാർത്ഥിച്ചു കൊണ്ടേയിരിക്കുന്നു. '

മൂകനായി തരിച്ചിരുന്നുപോയ ഡോക്ടറുടെ കണ്ണു നിറഞ്ഞ് കവിളിലൂടെ ഒഴുകി. കരഞ്ഞുകൊണ്ടു തന്നെ നടന്ന ഓരോ സംഭവങ്ങളും ഓർക്കാൻ ശ്രമിച്ചു. എല്ലാം ഈ സാധുസ്ത്രീയുടെ മഹത്തായ പ്രാർത്ഥനയുടെ ഫലമായി ദൈവം കണ്ടെത്തിയ വഴികളായിരിക്കാം...! ജിവിതത്തിൽ തടസ്സങ്ങൾ അതിജീവിക്കാനുള്ള കരുത്തേകാൻ നമുക്കേവർക്കും പ്രാർത്ഥിക്കാം.

✵

കവിത

ആർക്കുവേണ്ടി....??

Er. കെ.എം. രാമൻ നമ്പൂതിരി
അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (റിട്ട.)

റഷ്യ തൻ അധികാരം
ലോകത്തു സ്ഥാപിക്കുവാൻ
ഉക്രൈനിൻ പൗരന്മാരെ
കൊല്ലുന്ന നേതാക്കളെ

എന്തൊന്നു ലഭിക്കുവാൻ
സ്ഥാനമാനാദി മോഹം
എന്തെന്നു ലഭിക്കുന്നു
മനവിൽ നിങ്ങൾക്കൊക്കെ

നിർത്തുവിൻ അനാവശ്യ
ഘോരയുദ്ധങ്ങൾ, ആരും
നിങ്ങൾക്ക് തുണയായി
ദൈവവും കാണപ്പെടാ.

✵

ASWATTHAMA - the ELEPHANT

(mahabharatha epic)

Er. Thomas Kolanjikombil
Maramon.

ASWATTHAMA: was the son of Dronacharya. He fought in Kaurava side in Kurukshetra war. He was made the commander-in-chief of Kaurava army in the evening of the last day of the war. He was believed to be immortal. He was a great warrior and had many celestial weapons in his armory. He killed Dhrishtadyuma on the last day of war. Aswathama was one of the three survivors on Kaurava side at the end of Kurukshetra war.

ASWATTHAMA- ELEPHANT: was a warrior elephant in the Pandava army. As per the ethics of war, no one is allowed to strike an animal unless it is posed a direct threat.

DRONACHARYA: was a bhramin, son of sage Bharadwaja. Drona got his name, because he was conceived in a pot. Drona married Kripi, daughter of another sage Saradwat and a nymph. Aswathama was their son. It is said, one day Aswathama was playing with his friends, when the friends drank milk he wanted to drink milk, his friends gave him rice water, Aswathama drank it thinking it was milk. Since Drona lived in poverty his son could not distinguish milk and rice water. Drona became very ashamed of this incident. Drona went to his childhood friend Drupada, now the king of Panchala. When they were children Drupada had promised Drona to share half of Panchala when he becomes the king. Drona reminded Drupada about his promise. Drupada ridiculed him and said 'I can give you dekshina for your childhood services'. Hurt and humiliated Drona want to become Drupada's equal. Drona went to Parasurama, a renegade bhramin, who knew the art of war. Parasurama hated warrior caste and kings ever since his father was killed by a king. Parasurama agreed to teach Drona weaponry and art of war on the condition that he will not share the teachings with any warrior caste. Drona broke this promise when he offered to become the guru of Kauravas and Pandavas, on the price of half of Drupada's kingdom. On the completion of their training Drona's students attacked Panchala and forcibly divided Panchala in to two and gave half to their guru. Drona made Aswathama, his son as king of half the Panchala.

DRUPADA: was the king of Panchala. After his defeat at the hand of Drona, Drupada wants to take revenge. He knew that he was no match for Drona. Drupada performed 'puthrakamoshti yanja' to beget a son who could slay Drona. From yanja fire, twins Dhrishtadyuma and princess Droupadi were born. Droupadi became the wife of pandavas. Shikhandi another character in mahabharatha was the son of Drupada.

THE STORY: In the Kurukshetra war of eighteen days, Bhishma was the commander-in-chief of Kaurava army. He fell on day ten. Drona was made the commander-in-chief. Drona was a great warrior and ruthless killer. He slayed Arjuna's son Abhimanyu and Drupada. Only Arjuna can match Drona in weaponry. But Arjuna will not fight against his guru. Lord Krishna, Pandava's strategist in Kurukshetra war sensed danger. He knew Drona must be killed to win the war. But how?. Krishna knew that Drona was a man greatly attached to his son Aswathama. To kill such a man, that to which he is attached must be destroyed. To kill Aswathama (immortal one) was not an easy task. Krishna hatched a plan to kill Drona on the fifteenth day of war. He asked Bhima to kill an elephant by name aswathama in their army and shout loudly that Aswathama was killed. Bhima broke the ethics of war and killed the elephant aswathama by his mace and shouted very loudly that Aswathama was killed and started to rejoice with others that Aswathama was killed. Drona assumed that they were referring to his son Aswathama. He refused to believe them. Drona decided to check with Yudhishtira, the eldest of Pandavas, a man who had never uttered a lie. Krishna was aware of Yudhishtira's honesty. He insisted Yudhishtira to lie or tell a half truth. Yudhishtira answered Drona with loud voice "Yes, Aswathama is dead " and at low voice he added " the elephant ". In the din of war Drona heard only the first part, "yes Aswathama is dead". With broken heart Drona lowered his arms and wept. Krishna asked Dhrishtadyuma to take advantage of the moment. Immediately he cut Drona's head and killed him before he learned the truth.

MORAL OF THE STORY: There is more to life than that meets the eye.

POST SCRIPT: What prompted me to anatomise Mahabharatha is the title of a recently published book "Aswathama verum oru aana". Perhaps many who have read Mahabharatha might have missed this episode.

Letters to the Editor

കത്തുകൾ അയക്കേണ്ട വിലാസം

The Chief Editor

Hydel Bullet
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

കഥ

ലെക്റ്റർ

Er. **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

വൈകുന്നേരത്തെ മീറ്റിംഗിന് മാനേജിംഗ് എഡിറ്റർ വരുന്നുവെന്ന് കേട്ടപ്പോൾത്തന്നെ എന്റെ കീഴിലുള്ള മൂന്ന് സബ് എഡിറ്റർമാരും ഭയന്നു. ഒരു വമ്പൻ മീഡിയകമ്പനിയുടെ കീഴിലാണ് ഞങ്ങളുടെ മാസിക പ്രവർത്തിക്കുന്നത്. കമ്പനിയുടെ എം.ഡി തന്നെയാണ് ഞങ്ങളുടെ മാനേജിംഗ് എഡിറ്ററെങ്കിലും മാസികയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ചീഫ് എഡിറ്ററായ ഞാനാണ്.

“ജോലി പോകുമോ?‘ റഫീക്ക് ശബ്ദം താഴ്ത്തി ചോദിച്ചു.

‘‘പോസിറ്റീവായി ചിന്തിക്കൂ..’’ രമ്യ അവനെ വഴക്കുപറഞ്ഞു.

‘‘സാറിനു പേടിക്കണ്ട. സാർ ചീഫ് അല്ലേ..’’ മനോജ് എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.

‘‘എനിക്ക് പേടിയൊന്നുമില്ല.’’ ഞാൻ പറഞ്ഞു. അങ്ങനെ പറഞ്ഞെങ്കിലും എന്റെ ഉള്ളിൽ പേടിയുണ്ടായിരുന്നു. അത് ജോലി പോകുമെന്ന് പേടിച്ചിട്ടായിരുന്നില്ല.

ഏറെ നാളായി ഒരു കവിത അച്ചടിമഷി പുരണ്ടു കാണണമെന്ന് വലിയ ആഗ്രഹമായിരുന്നു. ഭാര്യ എഴുതിയ കവിതയാണ്. പക്ഷേ ഇതുവരെയും അത് പ്രസിദ്ധീകരിക്കാൻ എനിക്ക് കഴിഞ്ഞില്ല. സ്വന്തം മാസികയിൽ പബ്ലിഷ് ചെയ്യാൻ ഒരു മടി. മറ്റൊരു മാസികയിൽ പ്രസിദ്ധീകരിക്കാമെന്നു റഫീക്ക് പറഞ്ഞതാണ്. പക്ഷേ വേണ്ടെന്നു വച്ചു.

ജോലി പോയാൽ ആ കവിത ഒരിക്കലും പ്രസിദ്ധീകരിക്കാൻ കഴിയാതെ വന്നാലോ.. അതായിരുന്നു എന്റെ പേടി. മാത്രമല്ല മാസികയുടെ നിലനിൽപ്പുതന്നെ ഇപ്പോൾ അപകടത്തിലാണ്. സാമ്പത്തികലാഭം കണ്ടിട്ട് വർഷങ്ങളാകുന്നു. കമ്പനിയുടെ അഭിമാനമായ സംരംഭമായതുകൊണ്ട് മാത്രമാണ് പൂട്ടാതെ പിടിച്ചുനിൽക്കുന്നത്. ചില കൃഷിക്കാർ പാരമ്പര്യം കൈവിട്ടുപോകാതിരിക്കാൻ നെൽക്കൃഷി നടത്തുന്നതുപോലെ.

മഴ തളംകെട്ടിയ പാർക്കിംഗ് ഗ്രൗണ്ടിൽ എം.ഡിയുടെ ബെൻസ് ഒഴുകിവന്നുനിൽക്കുന്നത് ഞങ്ങൾ കണ്ടു.

‘‘എല്ലാർക്കും സുഖമല്ലേ?’’ പരിപ്പുവട തിന്നുന്നതിനിടയിൽ എം.ഡി അന്വേഷിച്ചു.

“ഉവ്വ് സർ.” ഞാൻ എല്ലാവർക്കും വേണ്ടി മറുപടി പറഞ്ഞു.

‘‘ഞാൻ ഒരു സന്തോഷ വാർത്തയുമായാണ് വരുന്നത്.” എം.ഡി പറഞ്ഞുതുടങ്ങി.

‘‘നമ്മുടെ കമ്പനിയുടെ കീഴിലുള്ള റിസർച്ച് വിഭാഗം ഒരു പുതിയ മെഷീൻ കണ്ടുപിടിച്ചിരിക്കുന്നു. മെഷീൻ നിങ്ങളുടെ പണി എളുപ്പമാക്കും.”

എം.ഡിയുടെ ഒപ്പം വന്ന നാലഞ്ചുജീവനക്കാർ ഒരു യന്ത്രം രമ്യയുടെ ക്യൂബിക്കിളിനോട് ചേർന്നുള്ള ഒഴിഞ്ഞസ്ഥലത്ത് സ്ഥാപിക്കുന്നത് ഞങ്ങൾ കണ്ടു. അവർ ഓഫീസിന്റെ വിവിധ കോണുകളിൽ വയർലെസ് സെൻസറുകൾ ഘടിപ്പിക്കുന്നുണ്ടായിരുന്നു. അത്തരത്തിലുള്ള ഒരു മെഷീൻ ഞങ്ങൾ അതിനുമുൻപ്

കണ്ടിട്ടുണ്ടായിരുന്നില്ല. ഒരു വാഷിംഗ് മെഷീന്റെ വലുപ്പം, ഫുട്ബോളിന്റെ വലുപ്പത്തിൽ, ഗോളാകൃതിയിലുള്ള ശിരസ്സ്. നെറ്റിയിൽ മെഷീന്റെ പേര് എഴുതിയിരുന്നു.

ലെക്റ്റർ.

"ലെക്റ്റർ നമ്മുടെ കമ്പനിയുടെ പൈലറ്റ് പ്രോജക്റ്റ് ആണ്. സാഹിത്യകാരൻമാരുടെ കഥകളും കവിതകളുംകൊണ്ട് നിങ്ങളുടെ മെയിൽബോക്സ് നിറഞ്ഞിരിക്കുകയാണല്ലോ. ഈ മെഷീൻ അവയെല്ലാം വായിക്കും. ഏറ്റവും മികച്ചവ തിരഞ്ഞെടുക്കും. ഇത് കൂടാതേയും ഒരുപാട് പണികൾ ആ മെഷീൻ ചെയ്യും. ഇവിടുത്തെ പ്രവർത്തനം നോക്കിയിട്ടുവേണം മെഷീൻ മോഡിഫൈ ചെയ്യാൻ..." എം.ഡി വിശദീകരിച്ചു.

എന്റെ സബ്എഡിറ്റർമാരുടെ മുഖത്ത് ആശ്വാസം തെളിഞ്ഞു. എന്തായാലും ജോലി പോയില്ലല്ലോ. എനിക്ക് ആശ്വാസത്തിനൊപ്പം സന്തോഷവും തോന്നി. ദിവസവും നൂറുകണക്കിന് മെയിലുകളാണ് വരുന്നത്. കഥകളും കവിതകളും. തപാൽവഴി രചനകൾ അയക്കുന്ന ബുദ്ധിമുട്ടില്ലാത്തതിനാൽ അക്ഷരം അറിയാവുന്ന എല്ലാവരും സാഹിത്യം എഴുതി അയക്കുകയാണ്. ലോട്ടറിയെടുപ്പുപോലെ കിട്ടിയാൽ കിട്ടി. എഴുതുന്നവരുടെയെല്ലാം വിചാരം തങ്ങൾ എഴുതുന്നത് നോബൽ പ്രൈസ് കിട്ടാൻ യോഗ്യതയുള്ള രചനകൾ ആണെന്നാണ്. അതിൽനിന്നു നല്ല രചനകൾ കണ്ടെത്തുക എന്നതാണ് ബുദ്ധിമുട്ട്.

''സർ ലെക്റ്റർ വേറെ എന്തൊക്കെ ചെയ്യും..'' രമ്യ ചോദിച്ചു.

"ഒരുപാട് ഫംഗ്ഷൻസ് ഉണ്ട്. ഒന്നുരണ്ടു ദിവസത്തിനുള്ളിൽ റിസർച്ച് വിഭാഗത്തിലെ ഈ പ്രോജക്ടിന്റെ ഹെഡ് ബാഹുലേയൻ ഇവിടെ വരും. നിങ്ങൾക്ക് എല്ലാം പറഞ്ഞു തരും." എം.ഡി പറഞ്ഞു.

എം.ഡി പോയിക്കഴിഞ്ഞപ്പോൾ ഞങ്ങൾ പുതിയ മെഷീന്റെ ചുറ്റിനും കൂടി. ലെക്റ്ററിന്റെ ബേസിക്ക് ഓപ്പറേഷൻസ് എം.ഡിയുടെ ഒപ്പം വന്ന എഞ്ചിനീയർ ഞങ്ങൾക്ക് വിശദീകരിച്ചു തന്നു.

''നമുക്ക് ലെക്റ്ററിനെ ഒന്ന് ടെസ്റ്റ് ചെയ്താലോ." റഫീക്ക് പറഞ്ഞു.

"എങ്ങനെ ?" ഞാൻ ചോദിച്ചു.

"ഓണപ്പതിപ്പിനുവന്ന രചനകൾ മെഷീനിൽ ഫീഡ് ചെയ്യാം. ഔട്ട്പുട്ട് എങ്ങനെ ഉണ്ടാകുമെന്ന് അറിയാമല്ലോ."

ഓണപ്പതിപ്പിൽ പ്രസിദ്ധീകരിക്കാൻ വന്ന നൂറ്റിഎഴുപത്തിനാല് കഥകൾ ഞങ്ങൾ മെഷീനിൽ ഫീഡ് ചെയ്തു.

"നമ്മൾ എത്ര കഥകളാണ് ഓണപ്പതിപ്പിൽ പബ്ലിഷ് ചെയ്തത്?" റഫീക്ക് ചോദിച്ചു.

"പത്ത് ' മനോജ് പറഞ്ഞു.

റഫീക്ക് മെഷീന്റെ കീപാഡിൽ പത്ത് എന്നമർത്തി.

'' 2 hours.' മെഷീന്റെ ഡിസ്പ്ലേയിൽ തെളിഞ്ഞുവന്നു.

"അതെന്താ?" രമ്യ ചോദിച്ചു.

"ഇത്രയും കഥകൾ വായിച്ചു മികച്ചവ തിരഞ്ഞെടുക്കാനെടുക്കുന്ന സമയം." റഫീക്ക് പറഞ്ഞു.

"നമ്മൾ മൂന്നു മാസമെടുത്തു." മനോജ് അത്ഭുതത്തോടെ പറഞ്ഞു.

ലെക്റ്റർ വായന തുടങ്ങി. അതിന്റെ ഗോളാകൃതിയുള്ള ശിരസ്സ് ഒരു മൂളക്കത്തോടെ തിരിയാൻ തുടങ്ങി. ഞങ്ങൾ എല്ലാവരും ജോലിയിലേക്ക് മടങ്ങിയെങ്കിലും ശ്രദ്ധ ആ മെഷീനിലായിരുന്നു.രണ്ടുമണിക്കൂർ കഴിഞ്ഞതും അലാറം മുഴങ്ങി.

"കഴിഞ്ഞു! ചെക്കിംഗ് കഴിഞ്ഞു!" രമ്യ ആവേശത്തോടെ മെഷീനരികിൽ ഓടിയെത്തി.

ഏറ്റവും മികച്ച പത്തുകഥകളുടെ പേരുകൾ ഡിസ്പ്ലേയിൽ തെളിഞ്ഞു. രമ്യ

ഓണപ്പതിപ്പ് കൊണ്ടുവന്നു.

“ഹോ പത്തിൽ ഒൻപതും നമ്മൾ പ്രസിദ്ധീകരിച്ച കഥകൾ തന്നെയാണ് മെഷീനും തിരഞ്ഞെടുത്തിരിക്കുന്നത്. ഒരെണ്ണം മാത്രം മാറിപ്പോയി!” രമ്യ പറഞ്ഞപ്പോൾ ഞങ്ങൾ വാ പൊളിച്ചു.

‘എന്തായാലും ഒരെണ്ണം തെറ്റിയില്ലേ.

അപ്പൊ നമ്മൾ തന്നെയാണ് മിടുക്കർ!” മനോജ് പറഞ്ഞു.

‘‘അല്ല ലെക്റ്റർ തന്നെയാണ് ശരി.’’ റഫീക്ക് ലിസ്റ്റ് നോക്കിയിട്ടു പറഞ്ഞു.

‘‘പ്രസിദ്ധ കഥാകാരൻ കമലാക്ഷൻ സാറിന്റെ 'നൂറ്റിപ്പത്ത് ' എന്ന കഥയാണ് നമ്മൾ പ്രസിദ്ധീകരിച്ചത്. ആ കഥ മെഷീൻ ഡിലീറ്റ് ചെയ്തു.”

“ഓ ഞാനോർക്കുന്നു. ആ കഥ നമ്മൾ ആദ്യം ഒഴിവാക്കിയതാണ്. അത് കമലാക്ഷൻ സാർ തന്റെ നൂറ്റിപ്പത്താം പിറന്നാളിന് എഴുതിയ കഥയാണ്. എല്ലാ ഓണപ്പതിപ്പിലും ഇടുന്നത് പോലെ കൂടുതൽ പ്രാധാന്യത്തോടെ ഇപ്രാവശ്യവും ഇടണമെന്ന് എം.ഡി. വിളിച്ചു പറഞ്ഞതുകൊണ്ട് മാത്രം സാർ ഇട്ടതാണ്.” റഫീക്ക് എന്നെ നോക്കിപ്പറഞ്ഞു. അവന്റെ സ്വരത്തിലെ പുച്ഛം ഞാൻ കേട്ടില്ലെന്ന് നടിച്ചു.

“അപ്പോൾ ലെക്റ്റർ അടിപൊളിയാണല്ലോ.” ഞാൻ പറഞ്ഞു. എല്ലാവരും ഒരേസ്വരത്തിൽ അത് അംഗീകരിച്ചു.

രണ്ടുദിവസം കഴിഞ്ഞ് കമ്പനി ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് ഒരു ഉദ്യോഗസ്ഥൻ വന്നു. നല്ല തടിയുണ്ട്. കുടവയറും. വന്നയുടനെ അയാൾ യന്ത്രത്തിന്റെ അരികിൽ പ്പോയി എന്തൊക്കെയോ ചെയ്തു. ഒരു കൊച്ചു കുട്ടിയെ ഓമനിക്കുന്നതുപോലെ യന്ത്രത്തിന്റെ ഗോളാകൃതിയുള്ള ശിരസ്സിൽ തലോടി.

‘‘ഇവൻ എങ്ങനെയുണ്ട് ?’’ അയാൾ എന്നോട് ചോദിച്ചു.

“കുഴപ്പമില്ല.”

‘‘സൂപ്പറല്ലേ.. എന്റെ മോനെക്കാൾ എനിക്ക് അടുപ്പം ഇവനോടാ...” യന്ത്രത്തിനെ വാത്സല്യപൂർവ്വം നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

“താങ്കളാണോ ബാഹുലേയൻ? എം.ഡി പറഞ്ഞിരുന്നു.”

“അവൻ വരും. പക്ഷെ ഞാൻ ബാഹുലേയനല്ല.’’ പോക്കറ്റിൽനിന്നു മുറുക്കാൻ എടുത്തു ചവച്ചുകൊണ്ട് ആഗതൻ പറഞ്ഞു.

“സാറിന്റെ പേര് ?” ഞാൻ തിരക്കി.

“ഒന്ന് ഊഹിക്കാൻ പറ്റുമോന്നു നോക്ക്.” തടിയൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

“പേരൂഹിക്കാനൊക്കെ..” ഞാൻ സംശയത്തോടെ പറഞ്ഞു.

“ലെക്റ്ററിന്റെ പ്രോജക്റ്റിന്റെ തുടക്കം മുതൽ ഞാനുണ്ടായിരുന്നു. മദ്രാസ് ഐ.ഐ.റ്റിയിൽ നിന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പി.എച്ച്.ഡി എടുത്തശേഷം ഞാനൊരുപാട് കമ്പനികളിൽ വർക്ക് ചെയ്തിരുന്നു. എങ്കിലും എന്റെ ഏറ്റവും ഇഷ്ടമുള്ള പ്രോജക്റ്റ് ഇവനാണ്. ലെക്റ്റർ. ഇന്റലിജന്റ് ഗസ്സിംഗ് അതാണ് ഒരു നല്ല മെഷീന്റെ പ്രത്യേകത. മനുഷ്യർക്കും അത് കഴിയും. പ്ലീസ് ട്രൈ..”

ഞാൻ അയാളെ ആകെമൊത്തം നോക്കി.

“രവീന്ദ്രൻ ?”

“അല്ല.”

“രഘു ?”

“അല്ല.”

''സോറി. എനിക്ക് ഗസ്സിംഗ് പവർ കുറവാണ്.” ഞാൻ തോൽവി സമ്മതിച്ചു.

“എന്റെ പേര് ജോബ്. നിങ്ങളുടെ വൈഫിന്റെ പേര് 'ര' എന്ന അക്ഷരത്തിലാണ് തുടങ്ങുന്നത് അല്ലേ..?” അയാൾ ചോദിച്ചു.

"ഉവ്വ്. രാഗി.. താങ്കൾക്ക് എങ്ങനെ മനസ്സിലായി?" ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

''ഞാൻ പറഞ്ഞല്ലോ.. കുറെയൊക്കെ നമുക്ക് ഊഹിക്കാൻ കഴിയും. നമ്മുടെ മനസ്സിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന ചിന്ത നമ്മുടെ പ്രവർത്തികളേയും സ്വാധീനിക്കും. നമ്മുടെ തലച്ചോർ അതുമായി ബന്ധപ്പെട്ട കാഴ്ചകളായിരിക്കും നമ്മെ കാണിക്കാൻ താത്പര്യപ്പെടുക." ജോബ് വിശദീകരിച്ചു.

കഴിഞ്ഞദിവസം ട്രാഫിക് ബ്ലോക്കിൽ കാത്തുകിടന്നപ്പോൾ അതുവരെ ശ്രദ്ധിക്കാതിരുന്ന ഒരു കടയുടെ പരസ്യം കണ്ടത് ഓർമ്മ വന്നു.

രാഗി ടെക്സ്റ്റൈൽസ്.

"ലെക്റ്റർ സാമ്പത്തികമായി കമ്പനിക്ക് ലാഭം നൽകുന്നുവെന്ന് തെളിയിക്കണം. എങ്കിലേ ഇനിയും എം.ഡി ഫണ്ടിംഗ് അനുവദിക്കൂ.." ജോബ് തന്റെ വരവിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തി.

മാസികയുടെ പ്രവർത്തനങ്ങൾ ജോബ് എന്നോട് ചോദിച്ചു മനസ്സിലാക്കി.

സാഹിത്യകൃതികൾ തിരഞ്ഞെടുക്കുന്നതും എഴുത്തുകാരുമായി ബന്ധപ്പെടുന്നതും രമ്യയാണ്. രാഷ്ട്രീയലേഖനങ്ങളും ലേഔട്ടും റഫീക്കിന്റെ ചുമതലയാണ്. മാർക്കറ്റിംഗും സർക്കുലേഷനും മനോജിന്റെയും. പ്രസ്സിന്റെയും വെബ്സൈറ്റിന്റെയും കാര്യങ്ങൾ ഞാൻ പ്രത്യേകം ശ്രദ്ധിക്കും. മൂന്നു സബ് എഡിറ്റർമാരും മിടുക്കരാണ്. അവർ ചെറുപ്പക്കാരും ജോലി നന്നായി ആസ്വദിച്ചു ചെയ്യുന്ന കൂട്ടത്തിലുമാണ്. നല്ല ടീം വർക്കായതുകൊണ്ട് ആർക്കും അധികം വർക്കുലോഡ് ഇല്ല. ഞങ്ങളുടെ ടീമിന് ആകെയുള്ള ഒരു ബുദ്ധിമുട്ട് മാസികയുടെ വിൽപ്പനയാണ്. മനോജ് നന്നായി വർക്ക് ചെയ്യുന്നുണ്ട്. പക്ഷേ ഓരോ മാസവും വിൽപ്പന കുറയുന്നതല്ലാതെ കൂടുന്നില്ല.

''ഞാൻ നിങ്ങളുടെ സബ് എഡിറ്റർമാരെയും നിങ്ങളെയും ട്രെയിൻ ചെയ്യാൻ വന്നതാണ്. നിങ്ങളുടെ മാഗസിൻ ലെക്റ്റർ കുറച്ചുകൂടി എഫിഷ്യന്റാക്കും.'' ജോബ് പറഞ്ഞു.

"രാഷ്ട്രീയ ലേഖനങ്ങളാണ് ഒരു പ്രശ്നം. ആ മേഖലയിൽ...'' ഇതിനിടയിൽ എന്റെ ക്യാബിനിലേക്ക് വന്ന റഫീക്ക് ജോബിനോട് പറയാൻ തുടങ്ങി.

''നിങ്ങൾ ഒന്നുകൊണ്ടും പേടിക്കണ്ട. ആർട്ടിക്കിൾ തിരഞ്ഞെടുക്കാൻ മാത്രമല്ല. എഴുതാനും ലെക്റ്ററിനും കഴിയും." ജോബ് പറഞ്ഞതുകേട്ട് ഞാനും റഫീക്കും അമ്പരന്നു.

''ലെക്റ്റർ എന്തും ചെയ്യും; എന്തും എഴുതും. കവിതയ്ക്ക് കവിത.. ലേഖനത്തിന് ലേഖനം.. നോവലിന് നോവൽ..."

''അതൊക്കെ സാർ ഒന്ന് കാണിച്ചു തരുമോ?" റഫീക്കിന് ധൃതിയായി.

"അതിനു മെഷീനെ ട്രെയിൻ ചെയ്യണം. അത് ബാഹുലേയനാണ് ചെയ്യുന്നത്. എനിക്ക് പിറകെ അവൻ വരും. അവന്റെ വാർ അഴിപ്പാൻ പോലും ഞാൻ യോഗ്യനല്ല." ജോബ് ഒരു ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു.

തുടർന്ന് അഞ്ചുദിവസം രമ്യയുടെ ഒപ്പമായിരുന്നു ജോബിന്റെ വർക്ക്. അയാൾ ഒരുദിവസം നേരത്തെ പോയപ്പോൾ രമ്യ എന്റെ ക്യാബിനിൽ വന്നു.

''എങ്ങനെയുണ്ട് ലെക്റ്റർ?'' ഞാൻ ചോദിച്ചു.

"ഒന്നും ചെയ്യണ്ട. മെഷീൻ ഓണാക്കി, നമുക്ക് ആവശ്യമുള്ള കാര്യങ്ങൾ പ്രോഗ്രാം ചെയ്തുകൊടുത്താൽ മതി. അത് തനിയേ എല്ലാം ചെയ്തുകൊള്ളും."

"അത് ശരി."

"അടുത്ത മാസത്തെ കണ്ടന്റു മാനേജ്

ചെയ്യുന്നത് ലെക്റ്ററാണ്. എനിക്ക് സൂപ്പർ വിഷൻ മാത്രം." രമ്യ പറഞ്ഞു.

"കുളമാകുമോ?" ഞാൻ ആശങ്കപ്പെട്ടു.

"ഇല്ല സർ." രമ്യക്ക് നല്ല ഉറപ്പായിരുന്നു.

പുതിയ മാസിക ഇറങ്ങാൻ ഒരു ആഴ്ച കൂടി മാത്രം. ഒരുദിവസം ഞാൻ നോക്കുമ്പോൾ രമ്യ മനോജിന്റെ ക്യാബിനിലിരിക്കുന്നത് കണ്ടു. സർക്കുലേഷൻ സംബന്ധിച്ചുള്ള കണക്കുകൾ മനോജ് രമ്യയെ പഠിപ്പിക്കുകയാണ്.

"സർ, എനിക്ക് ഒന്നുരണ്ടുദിവസം ലീവ് വേണം. വീട്ടിൽ ഒരു അത്യാവശ്യം. കുറച്ചു കാശ് കളക്ഷൻ ഉണ്ട്. ഏജൻസികളുമായി ഡീൽ ചെയ്യേണ്ട കാര്യങ്ങൾ രമ്യയെ പഠിപ്പിക്കുകയായിരുന്നു."

"അല്ല, അപ്പോൾ ലിറ്ററേച്ചർ കണ്ടന്റ് ആര് നോക്കും. മാസിക പ്രസ്സിൽ വിടാൻ ഇനി ഒരാഴ്ച കൂടിയേ ഉള്ളൂ." ഞാൻ പറഞ്ഞു.

"സർ അതോർത്തു ടെൻഷനടിക്കണ്ട. അതൊക്കെ ലെക്റ്റർ നോക്കും."

ഞാൻ നോക്കുമ്പോൾ ലെക്റ്ററിന്റെ ശിരസ്സ് അതിവേഗത്തിൽ കറങ്ങുന്നത് കണ്ടു.

"എനിക്കിപ്പോൾ വലിയ പണിയൊന്നുമില്ല. എന്റെ പണി മുഴുവൻ ലെക്റ്റർ ചെയ്യും." രമ്യ ചിരിച്ചുകൊണ്ട് പറഞ്ഞു.

ഞാൻ ക്യാബിനിൽ ചെന്ന് മേശവലിപ്പ് തുറന്നു. മഞ്ഞനിറമുള്ള കവറിൽ രാഗിയുടെ കവിതയിരിപ്പുണ്ട്. കവറിനുള്ളിൽ അവളുടെ ഒരു ഫോട്ടോയുമുണ്ട്. ബ്ലാക്ക് ആൻഡ് വൈറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോ. അവളുടെ പഴയ ഡിഗ്രി ഹാൾടിക്കറ്റിൽനിന്നും എടുത്ത ഫോട്ടോയാണ്. ഇപ്രാവശ്യത്തെ ലക്കത്തിൽ കൊടുത്താലോ..?

"ഒരു ചെറിയ പ്രശ്നമുണ്ട്." റഫീക്കിന്റെ ശബ്ദം കേട്ടാണ് തലയുയർത്തിയത്. രാഗിയുടെ കവിത തിരികെ വച്ചു. ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോയിലെ അവളുടെ നോട്ടംമാത്രം തന്നെ പിന്തുടർന്നു.

'എന്താ..?" ഞാൻ ചോദിച്ചു.

"ലംബോധരൻ സാറിന്റെ ലേഖനമാണ് ഇപ്രാവശ്യത്തെ പൊളിറ്റിക്കൽ ലേഖനമായി കൊടുക്കാൻ വച്ചിരിക്കുന്നത്. രാഷ്ട്രീയവും സ്ത്രീകളും എന്നതാണ് വിഷയം. ഭരണകക്ഷികളെയും പ്രതിപക്ഷത്തെയും ഒരുപോലെ വിമർശിച്ചിട്ടുണ്ട്. എം.ഡിയുടെ ചേട്ടൻ മിനിസ്റ്ററല്ലേ.. പണിയാകുമോ?"

പ്രമുഖ രാഷ്ട്രീയനിരീക്ഷകനാണ് ലംബോധരൻ സാർ. ഇടയ്ക്കിടെ അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഞങ്ങൾ കൊടുക്കാറുണ്ട്.

"പണിയാകും. ചിലപ്പോൾ പണി പോകും." ഞാൻ പറഞ്ഞു.

"ഞാൻ ലംബോധരൻ സാറിനെ വിളിച്ചു. നമ്മുടെ ജോലിയെ ബാധിക്കുന്നത് പുള്ളിക്കും താല്പര്യമില്ല. പക്ഷേ അങ്ങേരു ഫാമിലി ടൂറിലാണ്. എന്നോട് വേണമെങ്കിൽ ആർട്ടിക്കിൾ തിരുത്തിക്കോളാൻ പറഞ്ഞു. ഭരണകക്ഷിയെ വിമർശിക്കുന്നത് മയപ്പെടുത്തുക. നമ്മൾ ബയാസ്ഡാണ് എന്ന് തോന്നിപ്പിക്കാതെ അത് തിരുത്തുക എളുപ്പമല്ല. അതു മാത്രമല്ല ലംബോധരൻ സാറിന്റെ ഒരു റൈറ്റിംഗ് സ്റ്റൈൽ വേറെയാണ്. അത് ഇമിറ്റേറ്റു ചെയ്യാൻ പറ്റില്ല." റഫീക്ക് പറഞ്ഞു.

"അതെല്ലാം പറ്റും." എന്റെ ക്യാബിൻ വാതിൽക്കൽ നിന്ന അപരിചിതനാണ് പറഞ്ഞത്. ആറടിക്ക് മേലെ ഉയരം. മെലിഞ്ഞ ശരീരം. മുകളിലേക്ക് കോണാകൃതിയിൽ ഷേപ്പ് ചെയ്ത മുടി. ഊശാന്താടി.ഏതോ അനിമേഷൻ സിനിമയിൽനിന്നു ഇറങ്ങിവന്ന പെൻസിൽ മനുഷ്യനെപ്പോലെയുണ്ട്.

"ഐ ആം ബാഹുലേയൻ. നിങ്ങൾ എന്നെ ബി എന്ന് വിളിച്ചാൽ മതി."

"അതെന്താ?" റഫീക്ക് ചോദിച്ചു.

"മിസ്റ്റർ റഫീക്ക് നിങ്ങൾക്ക് അറിയാമോ ഇംഗ്ലീഷ് അക്ഷരമാലയിലെ ഏറ്റവും ദു:ഖിതനായ അക്ഷരം ബി യാണ്. എപ്പോഴും എ എന്ന ഒന്നാമന്റെ നിഴലിൽ നില്ക്കാൻ വിധിക്കപ്പെട്ടവൻ. രണ്ടാമതായി പോയതു കൊണ്ട് മാത്രം രണ്ടാംകിട കാര്യങ്ങൾ ലേബൽ ചെയ്യാൻ നാം ബി എന്ന അക്ഷരം ഉപയോഗിക്കുന്നു. ഏറ്റവും നന്നായി പഠിക്കുന്ന കുട്ടിക്ക് എ ഗ്രേഡ്. അല്പം മോശമാണെങ്കിൽ ബി ഗ്രേഡ്. ശരിയല്ലേ.."

"അതുകൊണ്ട്?"

''അതുകൊണ്ട് നമ്മുടെ സോഷ്യൽ പ്രോഗ്രാമിങ്ങിന്റെ ഭാഗമായ ബി എന്ന അക്ഷരം മോശമാണെന്ന ചിന്ത മാറാനാണ് ഞാൻ ബി എന്ന് അറിയപ്പെടാൻ തീരുമാനിച്ചത്." ബാഹുലേയൻ വിശദീകരിച്ചു.

"ശരി ബി. ലെക്റ്ററിന്റെ കാര്യങ്ങൾക്ക് നിങ്ങൾ ഇവിടെ വരുമെന്ന് ജോബ് പറഞ്ഞിരുന്നു. അദ്ദേഹത്തിനെ കണ്ടിട്ട് കുറെ ദിവസമായി." ഞാൻ പറഞ്ഞു.

"അടുത്ത ലക്കം ഇറങ്ങിയതിനുശേഷമേ ഇനി അദ്ദേഹം വരൂ.. ഞാൻ ലെക്റ്ററിനെ അപ്ഗ്രേഡ് ചെയ്യാൻ വന്നതാണ്. അതിനു ശേഷം നിങ്ങളുടെ ഇപ്പോഴത്തെ പ്രശ്നം നമുക്ക് പരിഹരിക്കാം."

ഞങ്ങൾ ബി യുടെ ഒപ്പം ലെക്റ്ററിന്റെ അരികിലേക്ക് നടന്നു. ബിയെ കണ്ടപ്പോൾ ലെക്റ്റർ ആഹ്ലാദപൂർവ്വം ശിരസ്സ് ഇരുവശത്തേക്കുമാട്ടി.

"പക്ഷേ ഒരു പ്രശസ്ത എഴുത്തുകാരന്റെ ശൈലിയിൽ യന്ത്രത്തിന് എഴുതാനൊക്കെ പറ്റുമോ?" റഫീക്കിന് സംശയം തീരുന്നില്ല.

ബി അയാളുടെ പിങ്ക്നിറമുള്ള ബാഗ് തുറന്നു. ചുവന്നനിറമുള്ള ഒരു ബ്രീഫ്കേസ്, മിക്കി മൗസിന്റെ ചിത്രമുള്ള ഒരു പ്ലാസ്റ്റിക്ക് പൗച്ച്, ഒരു ഫ്ളാസ്ക്ക് എന്നിവ പുറത്തെടുത്തു.

''നിങ്ങൾ ഈ അടുത്തിടെ ഇറങ്ങിയ 'നീല രാത്രിയിൽ നീ തനിയെ' എന്ന സിനിമ കണ്ടിരുന്നോ?" ബി ചോദിച്ചു.

"ഉവ്വ്.." റഫീക്ക് പറഞ്ഞു.

"പാട്ടുകൾ എങ്ങനെയുണ്ടായിരുന്നു."

"അടിപൊളി. എന്താ..?"

"അതിൽ മൂന്നു പാട്ടുകളേ ഉള്ളൂ. മൂന്നും എഴുതിയത് ലെക്റ്ററാണ്.'' ബ്രീഫ്കേസ് തുറന്നു വെള്ളിനിറമുള്ള ലാപ്ടോപിലേക്ക് കേബിളുകൾ കണക്റ്റ് ചെയ്യുന്നതിനിടയിൽ അയാൾ പറഞ്ഞു.

സിനിമാഗാനങ്ങളോ?ഞങ്ങൾ അമ്പരന്നു.

"അതെ. ഇപ്പോഴത്തെ നമ്പർവൺ ഗാന രചയിതാവുമായി പടത്തിന്റെ നിർമ്മാതാവ് പ്രതിഫലക്കാര്യത്തിൽ ഇടഞ്ഞു. നമ്മുടെ എം.ഡിയുടെ ഒരു ഫ്രണ്ടാ ഈ പ്രൊഡ്യൂസർ. ഞങ്ങളിത് അറിഞ്ഞപ്പോൾ ആ പ്രോജക്റ്റ് പിടിച്ചു. ലെക്റ്ററിനെ ട്രെയിൻ ചെയ്യാനും അവന്റെ പവർ പരീക്ഷിക്കാനും ഒരു അവസരമായി ഞങ്ങളതിനെ കണ്ടു." ബി തുടർന്നു.

"എന്നിട്ട്?" ഞാൻ ചോദിച്ചു.

''മൂന്നു പാട്ടുകൾ ലെക്റ്റർ പ്രോഗ്രാം ഉപയോഗിച്ചെഴുതി. മൂന്നും ഹിറ്റായി."

"ശരിയാണ്. എനിക്ക് അതിലെ പാട്ടുകൾ ഭയങ്കര ഇഷ്ടമാണ്." റഫീക്ക് പറഞ്ഞു.

"ഒരു മനുഷ്യന്റെ ഫീലിംഗ്സ്, ഇമോഷൻസ്, വികാരങ്ങൾ ഒക്കെ എങ്ങനെ ഒരു യന്ത്രത്തിന് സ്വായത്തമാക്കാൻ കഴിയും?'' എനിക്ക് അത്ഭുതമടക്കാൻ കഴിഞ്ഞില്ല.

"പത്തുപതിനഞ്ചു കൊല്ലം മുൻപ് രണ്ടു ഭൂഖണ്ഡങ്ങളിൽ കഴിയുന്നവർക്ക് പരസ്പരം കണ്ടു സംസാരിക്കാൻ കഴിയുമെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമായിരുന്നോ? അതുപോലെയാണ് ഒരാളുടെ ഫീലിംഗ്സും ടാലന്റും വേറൊരാൾക്ക് സ്വായത്തമാക്കാൻ കഴിയില്ലെന്ന വിശ്വാസം.

കണ്ടുപിടിത്തങ്ങൾ ഉണ്ടാവുന്നതുവരേയുള്ളൂ അത്തരം വിശ്വാസങ്ങളുടെ ആയുസ്സ്. പാട്ടെഴുത്ത് വെറും ചീള് കേസ്. മലയാളത്തിലെ പാട്ടെഴുത്തുകാരുടെ ലൈബ്രറി വളരെ ശുഷ്ക്കമാണ്.അത് വളരെ എളുപ്പം നിർമ്മിക്കാം."

"ലൈബ്രറി?" എനിക്ക് മനസ്സിലായില്ല.

"പാട്ടെഴുത്തുകാർ സ്ഥിരം ഉപയോഗിക്കുന്ന വാക്കുകളുടെ കൂട്ടം. മലർ, മധു, കിളിമകൾ, ലത, പുഴ, വെണ്ണില, പ്രണയം, ജാലകം, കാർമുകിൽ, മേഘം, പൂക്കൾ, ജീവൻ, കനവ്, മൊഴി, നീ, ഞാൻ... ഇതൊരു സാമ്പിൾ. ഇതുകൊണ്ട് ഒരു നൂറു പാട്ടുണ്ടാക്കാം. ഒരു എഴുത്തുകാരന്റെ ലൈബ്രറിയും അയാൾ ഉപയോഗിക്കുന്ന വാക്കുകളുടെ ഫ്രീക്വൻസിയും ഉപയോഗിച്ച് ട്രെയിൻ ചെയ്താൽ ലെക്റ്ററിനു അയാളുടെ ശൈലിയുടെ എൺപത്തി നാല് ശതമാനം സ്വായത്തമാക്കാൻ കഴിയും."

സംസാരിക്കുന്നതിനിടയിൽ അയാൾ ബാഗിൽ നിന്നെടുത്ത ഹാർഡ് ഡിസ്ക്കുകൾ, കേബിളുകൾ എന്നിവ ലെക്റ്ററുമായും ചുവന്ന ബ്രീഫ്കേസിലെ ലാപ്ടോപ്പുമായും ബന്ധിപ്പിച്ചു. മേശയിൽ ആ ഫ്ളാസ്ക് മാത്രമേ ഉപയോഗിക്കാനായി ബാക്കിയുണ്ടായിരുന്നുള്ളൂ.

"ഈ ഫ്ളാസ്ക് വേണ്ടേ ബാഹുലേയാ.. സോറി ബി?" റഫീക്ക് ചോദിച്ചു.

"അത് ലെക്റ്ററിനല്ല, എനിക്കാണ്. എനിക്ക് ഇടക്കിടയ്ക്ക് കാപ്പി കുടിച്ചുകൊണ്ടിരിക്കണം." ബി പറഞ്ഞതുകേട്ടു റഫീക്ക് എന്നെ ചമ്മലോടെ നോക്കി.

ഇപ്പോൾ ലെക്റ്ററിനെ കണ്ടാൽ ഇ.സി.ജി എടുക്കാനായി ശരീരം മുഴുവൻ ഇലക്ട്രോഡുകൾ ഘടിപ്പിച്ച ഒരു രോഗിയെപ്പോലെ തോന്നും. ഞാൻ വീണ്ടും മഞ്ഞക്കവറിലെ രാഗിയുടെ കവിതയും അവളുടെ പാസ്പോർട്ട് സൈസ് ഫോട്ടോയിലെ ആകാംക്ഷനിറഞ്ഞ നോട്ടവും ഓർമ്മിച്ചു. കാരണമില്ലാത്ത ഒരു ദു:ഖം മനസ്സിൽ നിറഞ്ഞു.

ബിയുടെ ലാപ്ടോപ്പിൽനിന്നു പുതിയ പ്രോഗ്രാമുകൾ ലെക്റ്ററിന്റെ നിർമ്മിത ബുദ്ധിയിലേക്ക് പകർത്തുന്നത് ഞങ്ങൾ നോക്കിനിന്നു. ബി ഫ്ളാസ്ക്കിൽനിന്നു ഇടയ്ക്കിടെ കാപ്പി എടുത്തുകുടിക്കും. പാർലെ ജി യുടെ ചെറിയ പാക്കറ്റ് ബിസ്ക്കറ്റ് ഒന്നോരണ്ടോ എണ്ണം തിന്നും. ബാക്കിസമയം കണ്ണുകൾ കമ്പ്യൂട്ടർ സ്ക്രീനിലുറപ്പിച്ചു അയാൾ അതിവേഗത്തിൽ കീബോർഡിൽ എന്തൊക്കെയോ ടൈപ്പ് ചെയ്തുകൊണ്ടിരുന്നു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ ഞങ്ങളെ വീണ്ടും വിളിച്ചു.

"നിങ്ങളുടെ ലേഖനത്തിന്റെ പ്രശ്നം ആദ്യം പരിഹരിക്കാം." ബി പറഞ്ഞു.

അയാളുടെ മുൻപിലെ സ്ക്രീനിലെ സോഫ്റ്റ് വെയറിൽ പല ചതുരങ്ങളും, പല നിറത്തിലുള്ള ബട്ടണുകളും ഉണ്ടായിരുന്നു.

ലേഖനം എഴുതേണ്ട വിഷയം ആദ്യം തിരഞ്ഞെടുക്കണം. സിനിമ, രാഷ്ട്രീയ വിമർശനം, ഫെമിനിസം, വിലക്കയറ്റം തുടങ്ങി അനേകം വിഷയങ്ങൾ. ഏതു എഴുത്തുകാരന്റെ രീതിയിലാണ് എഴുതേണ്ടതെന്നു സെലക്റ്റ് ചെയ്യാനും ഓപ്ഷനുണ്ട്.

"ഭരണപക്ഷത്തിനെയാണ് വിമർശിക്കേണ്ടതെങ്കിൽ ചുവന്ന ബട്ടൻ പ്രസ്സ് ചെയ്യണം. എത്ര ശതമാനം വിമർശിക്കണം എന്നുള്ളതിനും ഓപ്ഷനുണ്ട്. രാഷ്ട്രീയ, സിനിമ, സാംസ്കാരിക രംഗങ്ങളിലെ ഏറ്റവും ടോപ്പ് നൂറുവ്യക്തികളുടെ ബയോഡേറ്റ, അവർ മുൻപ് സ്വീകരിച്ച നിലപാടുകൾ, അവർ വിവാദത്തിൽപ്പെട്ട സംഭവങ്ങൾ തുടങ്ങിയവ ലെക്റ്ററിന് ഇപ്പോൾ അറിയാം. ലേഖനം എഴുതുമ്പോൾ അവ ഉദ്ധരിക്കുവാനും, അവർ ഘടകവിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാട്ടുവാനും ലെക്റ്ററിന്

കഴിയും. മനുഷ്യൻ മറക്കും. പക്ഷേ മെഷീൻ മറക്കില്ല.” ബി പറഞ്ഞു.

ഞങ്ങൾ ലംബോദരൻ മാഷിന്റെ ലേഖനം ലെക്റ്ററിന് ഫീഡ് ചെയ്തു. അഞ്ചുമിനിട്ടിനുള്ളിൽ ലേഖനത്തിന്റെ എഡിറ്റ് ചെയ്ത പ്രിന്റ് ഔട്ട് ഞങ്ങൾക്ക് ലഭിച്ചു.

‘‘ലംബോദരൻ മാഷ് പോലും ഇത്ര ഭംഗിയായി എഴുതില്ല.” റഫീക്ക് അമ്പരപ്പോടെ പറഞ്ഞു.

“ഇത് മതി.” ഞാൻ പറഞ്ഞു.

“ലെക്റ്റർ കഥയും കവിതയും എഴുതും. ഭംഗിയായി വരയ്ക്കും. നിങ്ങളുടെ സംസാരങ്ങളും ചിന്തകളും പോലും മനസ്സിലാക്കി അതിനനുസരിച്ചു കാര്യങ്ങൾ ക്രമീകരിക്കും.” ബി പറഞ്ഞു.

രമ്യക്ക് പകരം ലെക്റ്റർ സാഹിത്യ രചനകൾ മാനേജ് ചെയ്ത ആദ്യത്തെ മാസിക പുറത്തിറങ്ങി. വളരെ നല്ല പ്രതികരണമായിരുന്നു വായനക്കാരിൽനിന്നു ലഭിച്ചത്. തീർത്തും അറിയപ്പെടാത്ത ചില എഴുത്തുകാരുടെ രചനകളായിരുന്നു കൂടുതലും വെളിച്ചം കണ്ടത്.

നിങ്ങളുടെ മാസിക ഒരു പുതിയ തരംഗം സൃഷ്ടിക്കുന്നുവെന്ന് ചില നിരൂപകർ എഴുതി. മാസികയുടെ വിൽപ്പനയിലും ഒരൽപം പോസിറ്റീവായി മാറ്റമുണ്ടായി. ഏറെ നാളുകൾക്കുശേഷം എനിക്ക് സന്തോഷം തോന്നി. മേശവലിപ്പിൽനിന്നു ഞാൻ രാഗിയുടെ കവിത വീണ്ടുമെടുത്തു. നീലയുടുപ്പിട്ട സ്കൂൾകുട്ടികൾ ഓടിയും ചാടിയും സ്കൂളിലേക്ക് പോകുന്നതുപോലെ നീലനിറമുള്ള മഷികൊണ്ട് കുനുകുനാ എഴുതിയ അക്ഷരങ്ങളിലേക്ക് നോക്കി കുറച്ചു നേരമിരുന്നു.

‘‘ലെക്റ്റർ പൊളിച്ചു അല്ലെ സാർ?’’ രമ്യയുടെ ശബ്ദം കേട്ടാണ് ഞാൻ തലയുയർത്തിയത്. അവൾ ഒരു കപ്പു കാപ്പി ടേബിളിൽ വച്ചു.

‘‘ഇന്ന് സന്തോഷമുള്ള ദിവസമല്ലേ.. എല്ലാരേയും വിളിക്ക്.. പുറത്തുനിന്നു ഫുഡ് ഓർഡർ ചെയ്യാം.” ഞാൻ പറഞ്ഞു.

‘‘സാറിന്റെ ട്രീറ്റ്..’’ രമ്യ വിളിച്ചുകൂവിയോടി.

ഞങ്ങൾ ലെക്റ്ററിന്റെ ചുറ്റിനും കസേരകളിലിരുന്നു.

“ലെക്റ്ററിനെ നമുക്ക് പരമാവധി ഉപയോഗിക്കണം. മികച്ചതും വ്യത്യസ്തവുമായ കണ്ടെന്റ് പബ്ലിഷ് ചെയ്യാൻ നമുക്കിനി എളുപ്പം സാധിക്കും.” ഞാൻ പറഞ്ഞു.

“കണ്ടെന്റ് മാത്രം പോര, മാർക്കറ്റിംഗിലും നമുക്ക് ലെക്റ്ററിന്റെ ഹെൽപ്പ് വേണം.” മനോജ് പറഞ്ഞു.

“അതിനുള്ള കാര്യങ്ങൾകൂടി ബാഹുലേയൻ ചെയ്തിട്ടുണ്ട്. ട്രെയിൻ ചെയ്യാനായി ജോബ് അടുത്തദിവസം വരുമെന്നാ പറഞ്ഞത്.” റഫീക്ക് പറഞ്ഞു.

ഞങ്ങൾ സംസാരിക്കുന്നതിനിടയിലും ലെക്റ്ററിന്റെ ഗോളാകൃതിയുള്ള ശിരസ്സ് കറങ്ങുന്നുണ്ടായിരുന്നു. അടുത്ത മാസികയുടെ കണ്ടെന്റ് തയ്യാറാക്കുന്ന ജോലിയാണ് അത് ചെയ്യുന്നത്.

“പ്രധാനപ്പെട്ട ഒരു മെയിൽ വന്നിട്ടുണ്ട്.” പെട്ടെന്ന് ലെക്റ്റർ അനൗൺസ് ചെയ്തു.

റഫീക്ക് മെയിൽബോക്സ് തുറന്നു. അവൻ ഒന്ന് ഞെട്ടുന്നതും മുഖമിരുളുന്നതും ഞങ്ങൾ കണ്ടു.

“എന്തുപറ്റി?” മനോജ് ചോദിച്ചു.

“നിങ്ങളുടെ ജോലി പോയി. രമ്യയ്ക്ക് മാർക്കറ്റിംഗും സർക്കുലേഷനും.” റഫീക്ക് മെല്ലെ പറഞ്ഞു.

“സർ ഞാനിനി എവിടെപ്പോയി ജോലി തപ്പും, എന്റെ വൈഫ് ഗർഭിണിയാണ്, ഞാനിതവളോട് എങ്ങനെ പറയും?” മനോജ് കരയുന്ന സ്വരത്തിൽ ചോദിച്ചു.

''അപ്പോൾ എന്റെ ജോലി?'' രമ്യ ചിലമ്പിച്ച സ്വരത്തിൽ ചോദിച്ചു.

“അത് ലെക്റ്റർ ചെയ്യും. ലെക്റ്റർ എല്ലാം ചെയ്യും.'' ജോബ് പറഞ്ഞു. മനോജിനെ ടെർമിനേറ്റ് ചെയ്തതിന്റെ പിറ്റേന്ന് അയാൾ ഞങ്ങളെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ബാക്കി മോഡ്യൂളുകൾ പരിശീലിപ്പിക്കുവാൻ വന്നതായിരുന്നു.

''ഇയാൾക്ക് ആരാ ജോബ് എന്ന് പേരിട്ടത്? മറ്റുള്ളവരുടെ ജോബ് കളയുന്നവൻ എന്ന അർത്ഥത്തിൽ ഇട്ടതാവും അല്ലേ..'' റഫീക്ക് എന്റെ ചെവിയിൽ മന്ത്രിച്ചു.

റഫീക്ക് പറഞ്ഞത് ശരിയായിരുന്നു.

പിറ്റേമാസം രമ്യയുടെ ജോലി പോയി. അതിന്റെ പിറ്റേമാസം റഫീക്കിന്റെയും. പക്ഷേ ഇപ്പോൾ ഞങ്ങളുടെ മാസിക നമ്പർ വണ്ണാണ്. നഷ്ടത്തിൽനിന്നു ലാഭത്തിലേക്ക് ലെക്റ്ററിന്റെ ഗോളാകൃതിയുള്ള ശിരസ്സ് മാസികയെ തിരിച്ചു.

“ഇതൊക്കെ ഒരു മാറ്റമായി കണ്ടാൽ മതി. നിങ്ങളും ആ മെഷീനും മാത്രംമതി ആ മാഗസിനോടിക്കാൻ. ലെക്റ്റർ മെഷീനുകൾ വിൽക്കാൻ നൂറുകോടിയുടെ ഓർഡർ വിവിധ കമ്പനികളിൽനിന്നു നമുക്ക് ലഭിച്ചിട്ടുണ്ട്.'' എം.ഡി. ഒരുദിവസം എന്നെ വിളിച്ചുപറഞ്ഞു.

ഓരോ പ്രാവശ്യവും മാസിക ഇറങ്ങിയതിന്റെ പിറ്റേന്നാണ് എന്റെ സബ്എഡിറ്റർമാരുടെ ജോലി നഷ്ടപ്പെട്ടത്. എന്റെ സബ് എഡിറ്റർമാരാരും ഇല്ലാതെ ഞാനും ആ യന്ത്രവുംകൂടി ചെയ്ത മാസികയുടെ പുതിയ ലക്കം മാർക്കറ്റിലെത്തിയ ദിവസമാണിന്ന്. നാളെ മിക്കവാറും എന്റെ ജോലി അവസാനിക്കും.

ഞാൻ മേശവലിപ്പിൽനിന്നു രാഗിയുടെ കവിത അടങ്ങിയ കവർ എടുത്തു. ദേഷ്യവും സങ്കടവും കുറ്റബോധവും ഒരുതുള്ളി കണ്ണുനീരായി അതിൽ പതിച്ചു. എന്റെ ക്യാബിനിലിരുന്നാൽ ലെക്റ്ററിന്റെ ഗോളാകൃതിയുള്ള ശിരസ്സ് തിരിയുന്നത് കാണാം.

ഞാൻ ഓഫീസിന്റെ പിറകിലെ പഴയ പ്രസ്സ് റൂമിലേക്ക് നടന്നു. യന്ത്രങ്ങൾ മനുഷ്യരെ ജോലി ചെയ്യിപ്പിക്കുന്ന കാലത്തിനു മുൻപ് മനുഷ്യർ യന്ത്രങ്ങളെ ഉപയോഗിച്ച കാലത്തിലെ പഴഞ്ചൻ പ്രസ്സ് . ഉപയോഗശൂന്യമായ യന്ത്രങ്ങൾക്കിടയിൽനിന്നു ഞാനൊരു ഇരുമ്പ് വടിയെടുത്തു കൊണ്ടുവന്നു. തിരിച്ചു ഓഫീസിലെത്തി ഞാൻ ലെക്റ്ററിന് മുൻപിലെത്തി. അതെന്നെ ശ്രദ്ധിക്കാതെ അടുത്ത മാസത്തെ മാസികയുടെ വർക്കുകൾ ചെയ്യുകയാണ്. ഞാൻ വടി ഉപയോഗിച്ച് അതിന്റെ ശിരസ്സ് തല്ലിപ്പൊട്ടിച്ചു. പിന്നെ അതിനെ ചവിട്ടിമറിച്ചിട്ടു. എന്നിട്ട് നിലത്തിരുന്നു പൊട്ടിക്കരഞ്ഞു.

പൊടുന്നനെ തകർന്ന ഗോളാകൃതിയുള്ള ശിരസ്സിൽനിന്നു ഞാൻ രാഗിയുടെ ശബ്ദം കേട്ടു.

“ഞാൻ എങ്ങും പോയിട്ടില്ല... ഞാനുണ്ട് കൂടെ..'' രാഗിയുടെ നനുത്ത സ്വരം. ഞാൻ ഞെട്ടിത്തരിച്ചിരിക്കെ എന്റെ തോളിലാരോ സ്പർശിച്ചു.

ബി!

''യന്ത്രത്തിനു നിങ്ങളുടെ ഉള്ളിലെ ചിന്തകൾ തിരിച്ചറിയാം. നിങ്ങളുടെ ഉള്ളിൽ രാഗി മാത്രമാണ്. നിങ്ങളുടെ ജോലി അവസാനിച്ചു. നിങ്ങൾക്ക് പുതിയ ഒരു ജോലി ഞാൻ തരാം.”

“എന്ത് ജോലി ?” ഞാൻ ചോദിച്ചു.

“ചിത്രകാരൻമാർ മോഡലുകളെ ഉപയോഗിക്കുന്നതുപോലെ കുറ്റമറ്റ യന്ത്രങ്ങളെ നിർമ്മിക്കാൻ കമ്പനിക്ക് മനുഷ്യമോഡലുകൾ വേണം. നിങ്ങളുടെ പഴയ സഹപ്രവർത്തകർ ഞങ്ങളുടെ ലാബിലെ മോഡലുകളാണ്. നിങ്ങൾ.. നിങ്ങൾക്ക് ഒരു മികച്ച മോഡലാവാൻ കഴിയും.”

ബി എന്നെ ആശ്വസിപ്പിച്ചു.

✵

ലെക്റ്റർ (ലാറ്റിൻ)- വായനക്കാരൻ.

Monthly meeting conducted during last month under various units

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg.No.KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP/203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 28-03-2022

Edited, Printed & Published by Muraly P, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only